# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കക്കോടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA/KKD/P10/1983/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 12/12/2024
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കക്കോടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KKD/P10/1983/24

തീയ്യതി: 12/12/2024

## കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 17-11-2023 മുതൽ 13-11-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.നന്ദന.എസ്.പിള്ളെ (കെ.എ.എസ്) | ഡെപ്യൂട്ടി ഡയറക്ടർ | 14-11-2024 | 20-11-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-11-2024 | 20-11-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി.പ്രസീത കുമാരി.എം. (ഓഡിറ്റ് ഓഫീസർ)
ശ്രീ.ധിരജ്.ജെ. (ഓഡിറ്റ് ഓഫീസർ)
ശ്രീ.ദേവാനന്ദ്.ടി. (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ.സഹദ്.ഒ.(സീനിയർ ഗ്രേഡ് ഓഡിറ്റർ)

**(ബി)നിർവഹണാധികാരികൾ**

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. കെ.പി.ഷീബ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ.യു.കെ.രാജൻ | സെക്രട്ടറി | 01-04-2023 | 04-04-2023 |
| ഷെരീഫ എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-04-2023 | 10-08-2023 |
| ശ്രീ.യു.കെ.രാജൻ | സെക്രട്ടറി | 11-08-2023 | 31-03-2024 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷെരീഫ എം | അസി.സെക്രട്ടറി | 01-04-2023 | 31-03-2024 |
| ശ്രീമതി നീന കെ | കൃഷി ഓഫീസർ | 01-04-2023 | 19-10-2023 |
| ശ്രീമതി ജിജിഷ പി.കെ. | കൃഷി ഓഫീസർ ഇൻ ചാർജ് | 20-10-2023 | 17-03-2024 |
| ശ്രീമതി ആദിത്യ എം | കൃഷി ഓഫീസർ | 18-03-2024 | 31-03-2024 |
| ശ്രീമതി അംബിക രാജൻ നമ്പ്യാർ | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി അമിത | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി ജുമാന | മെഡിക്കൽ ഓഫീസർ, | 01-04-2023 | 07-04-2023 |

| | | | |
|---|---|---|---|
| | ഹോമിയോ | | |
| ശ്രീ. മുൻഷിദ് എം.ടി | മെഡിക്കൽ ഓഫീസർ,ഹോമിയോ ഇൻചാർജ് | 08-04-2023 | 16-06-2023 |
| ശ്രീമതി ജുമാന | മെഡിക്കൽ ഓഫീസർ, ഹോമിയോ | 17-06-2023 | 17-08-2023 |
| ശ്രീമതി റീമ പി.എം | മെഡിക്കൽ ഓഫീസർ,ഹോമിയോ ഇൻചാർജ് | 18-08-2023 | 16-09-2023 |
| ശ്രീമതി ജുമാന | മെഡിക്കൽ ഓഫീസർ, ഹോമിയോ | 17-09-2023 | 05-03-2024 |
| ഡോ.തൻസീറ കെ | മെഡിക്കൽ ഓഫീസർ, ഹോമിയോ ഇൻചാർജ് | 06-03-2024 | 31-03-2024 |
| ശ്രീമതി അസീന | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീമതി വിജില കെ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി ഷീജ ടി.പി | ഹെഡ്മിസ്ട്രസ്സ് | 01-04-2023 | 02-06-2023 |
| ശ്രീമതി സനില പി | ഹെഡ്മിസ്ട്രസ്സ് | 03-06-2023 | 31-03-2024 |
| ശ്രീമതി.രമ്യ.എൻ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 12-09-2023 |
| ശ്രീമതി.ഷീജ.സി | അസിസ്റ്റന്റ് എഞ്ചിനീയർ | 13-09-2023 | 19-10-2023 |
| ശ്രീമതി.രമ്യ.എൻ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 20-10-2023 | 20-02-2024 |
| ശ്രീമതി.അശ്വതി.കെ.ടി. | അസിസ്റ്റന്റ് എഞ്ചിനീയർ (ഇൻ ചാർജ്) | 21-02-2024 | 31-03-2024 |
| ഡോ.ജുമാന.എം.എ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2023 | 07-04-2024 |

| | | | |
|---|---|---|---|
| ഡോ.മുൻഷിദ്.എം.ടി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 08-04-2023 | 16-06-2023 |
| ഡോ.ജുമാന.എം.എ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 17-06-2023 | 17-08-2023 |
| ഡോ.റീമ.പി.എം | മെഡിക്കൽ ഓഫീസർ, ഹോമിയോ ഇൻ ചാർജ്ജ് | 18-08-2023 | 16-09-2023 |
| ഡോ.ജുമാന.എം.എ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 17-09-2023 | 05-03-2024 |
| ഡോ.തൻസീറ.കെ | മെഡിക്കൽ ഓഫീസർ, ഹോമിയോ ഇൻ ചാർജ്ജ് | 06-03-2024 | 31-03-2024 |
| ഡോ.ദിവ്യ.പി.കെ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 01-04-2023 | 31-03-2024 |
| ശ്രീമതി.ജെൻഷി.പി.ബി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പടിഞ്ഞാറ്റുംമുറി സർക്കിൾ) | 01-04-2023 | 21-08-2023 |
| ശ്രീമതി.ബവിത.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പടിഞ്ഞാറ്റുംമുറി സർക്കിൾ) | 22-08-2023 | 31-03-2024 |
| ശ്രീ.അരുൺ.ഇ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മക്കട സർക്കിൾ) | 01-04-2023 | 21-08-2023 |
| ശ്രീ.വിജേഷ്.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മക്കട സർക്കിൾ) | 22-08-2023 | 31-03-2024 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-3 |
| 5 | ലെഡ്ജറുകളിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല | 1-1-4 |
| 6 | Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചില്ല. | 1-1-5 |
| 7 | മുഴുവൻ ബാങ്ക് അക്കൗണ്ടുകളും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല | 1-1-6 |
| 8 | റിഡംപ്ഷൻ തുക പൂർണ്ണമായി തിരികെ ലഭിച്ചില്ല | 1-1-7 |
| 9 | ഇ-ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറിയില്ല | 1-1-8 |
| 10 | ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-9 |
| 11 | മെയിന്റനൻസ് പ്രവൃത്തികൾ I-14(E) ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തില്ല | 1-1-10 |
| 12 | ഡെപ്പോസിറ്റ് ഇനത്തിൽ തുക പൊരുത്തപ്പെടുന്നില്ല | 1-1-11 |
| 13 | ബജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 15 | ഫണ്ട് വിനിയോഗം | 1-4 |
| 16 | പദ്ധതി അവലോകനം | 1-5 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 18 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 19 | വസ്തു നികുതി ഇളവ് നൽകൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല. | 1-8 |
| 20 | വിസ്തീർണത്തിനനുസൃതമായി വസ്തു നികുതി ഈടാക്കുന്നില്ല | 1-9 |
| 21 | രസീത് പരിപാലനത്തിലെ അപാകതകൾ | 1-10 |
| 22 | പുതുക്കിയ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നില്ല | 1-11 |

| | | |
|---|---|---|
| 23 | വസ്തു നികുതി-ഡിമാന്റ് തുക മുഴുവനായും അടവാക്കിയില്ല-കുടിശ്ശിക നിലനിൽക്കുന്നു | 1-12 |
| 24 | വാടക-സെക്യൂരിറ്റി ഡെപ്പോസിറ്റ് മുഴുവനായും ഈടാക്കാത്തത് - സംബന്ധിച്ച് | 1-13 |
| 25 | ലേല നിബന്ധനകൾ പാലിച്ചില്ല | 1-14 |
| 26 | വയോജനങ്ങൾക്ക് കട്ടിൽ പദ്ധതി-ഒരാൾക്ക് രണ്ട് തവണ ആനുകൂല്യം നൽകി | 1-15 |
| 27 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് സമയബന്ധിതമായി ലഭ്യമാക്കിയില്ല | 1-16 |
| 28 | ഇ-ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറിയില്ല | 1-17 |
| 29 | വൻതുക ചെലവഴിച്ച് സ്ഥാപിച്ച ക്രിമറ്റോറിയം യൂണിറ്റ് പ്രവർത്തനം ആരംഭിച്ചത് വാറണ്ടി കാലാവധിക്ക് ശേഷം | 1-18 |
| 30 | തോടുകളുടെ സംരക്ഷണ പ്രവർത്തികൾ - സുസ്ഥിര മാർഗ്ഗങ്ങൾ സ്വീകരിക്കുന്നില്ല | 1-19 |
| 31 | സിമന്റിന് പരമാവധി വിലയേക്കാൾ ഉയർന്ന നിരക്ക് നൽകുന്നു | 1-20 |
| 32 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗവിവരം ലഭ്യമാക്കാത്തത് - സംബന്ധിച്ച് | 1-21 |
| 33 | ലൈഫ് ഭവന പദ്ധതി - ആദ്യ ഗഡു തുക കൈപ്പറ്റിയിട്ടും തുടർപ്രവൃത്തി നടത്തിയിട്ടില്ല. | 1-22 |
| 34 | അതിദരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് യൂസർഫീ നൽകുന്നത് സംബന്ധിച്ച്. | 1-23 |
| 35 | എം.സി.എഫിലേക്ക് ബെയ്‌ലിംങ് മെഷീൻ വാങ്ങൽ - പ്രൊജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ . | 1-24 |
| 36 | പെണ്ണാട് വിതരണ പദ്ധതി - ചത്തുപോയ ആടുകളുടെ വിവരങ്ങൾ ലഭ്യമല്ല | 1-25 |
| 37 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മസേന പ്രവർത്തനാവലോകനം | 1-26 |
| 38 | കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് ഫർണിച്ചർ വാങ്ങൽ - പ്രൈസ് ലിസ്റ്റിലില്ലാത്തവ KADCO യിൽ നിന്നും നേരിട്ട് വാങ്ങി | 1-27 |
| 39 | മാർഗ്ഗരേഖയിലില്ലാത്ത പദ്ധതിക്ക് തുക ചെലവഴിച്ചു | 1-28 |
| 40 | സോളാർ പാനൽ സ്ഥാപിക്കൽ - അധികം നൽകിയ തുക ഈടാക്കിയില്ല | 1-29 |

| | | |
|---|---|---|
| 41 | വാഹന വാടക - കിലോമീറ്റർ പരിഗണിക്കാതെ ഓരോ ട്രിപ്പിനും നൽകി | 1-30 |
| 42 | ഇന്ധനടാങ്കിന്റെ ശേഷിയേക്കാൾ കൂടുതൽ ഇന്ധനം വാഹനത്തിൽ നിറച്ചതും മറ്റു അപാകതകളും | 1-31 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം –1

## പൊതു അവലോകനം

### 1-1-1 അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 (2) എഫ് പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ ഉൾപ്പെടുത്തേണ്ടതും, 62 (3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇവയൊന്നും ഉൾപ്പെടുത്താതെയാണ് വാർഷിക ധനകാര്യ പത്രിക തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്.

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 24.05.2024 തീയതിയിലെ 84/2024 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 24.05.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യപത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു.

എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

<u>**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**</u>

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 ലെ സാമ്പത്തികനിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

കോഴിക്കോട്

**ഡെപ്യൂട്ടി ഡയറക്ടർ**

### <u>1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല.</u>

ക്യാഷ് ഫ്ളോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ളോയും (3535525/-) പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (15873232/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### <u>1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.</u>

വസ്തുനികുതി, തൊഴിൽ നികുതി എന്നിവയുടെ ലെഡ്ജറുകളിൽ സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തിക വർഷാരംഭത്തിലും, തുടർന്ന് പുതിയ ഡിമാന്റുകൾ ഉൽഭവിക്കുന്ന മുറയ്ക്കും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നതിന് പകരം 31.03.2024 ന് ആണ് ലെഡ്ജറുകളിൽ ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയിട്ടുള്ളത്.

### <u>1-1-4 ലെഡ്ജറുകളിൽ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല</u>

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

### <u>1-1-5 Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചില്ല.</u>

ഗ്രാമപഞ്ചായത്തിന്റെ SBI E-Payment (67393397501) ബാങ്ക് അക്കൗണ്ടിൽ നിന്ന് നേരിട്ട് ഡെബിറ്റ് ആയ താഴെപറയുന്ന തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല.

| ക്രമ നം. | തീയതി | തുക | 03/2024 റീകൺസിലിയേഷൻ പത്രിക പ്രകാരം |
|---|---|---|---|
| 1 | 28/04/22 | 704 | |
| 2 | 06/10/22 | 206 | |
| | | | |

| | | | |
|---|---|---|---|
| 3 | 02/11/22 | 750 | |
| 4 | 26/11/22 | 69 | |
| 5 | 31/12/22 | 1454 | |
| 6 | 31/01/23 | 293 | |
| 7 | 30/09/23 | 1505 | |
| 8 | 20/12/23 | 1098 | |

ഒക്ടോബർ 2024 വരെയുള്ള റീകൺസിലിയേഷൻ പത്രികകൾ ILGMS ൽ പരിശോധിച്ചതിലും തുകകൾ ക്രമീകരിച്ചിട്ടില്ല.

## 1-1-6 മുഴുവൻ ബാങ്ക് അക്കൗണ്ടുകളും വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല

ഗ്രാമപഞ്ചായത്ത് ആരംഭിച്ചിട്ടുള്ള മുഴുവൻ ബാങ്ക് അക്കൗണ്ടുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ SBI Hudco (അക്കൗണ്ട് നം. 42506443072), SBI (അക്കൗണ്ട് നം.38290958402), SBI MGNREGA (അക്കൗണ്ട് നം. 451075250), Canara Hgtowards Building Less Sub Centere (അക്കൗണ്ട് നം.110042479652) എന്നിവ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-7 റിഡംപ്ഷൻ തുക പൂർണ്ണമായി തിരികെ ലഭിച്ചില്ല

2022-23 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിലെ ബി-15 ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്തിന് റിഡംപ്ഷൻ ഇനത്തിൽ ആർപി45 ഷെഡ്യൂൾ പ്രകാരം 9482457/- രൂപ ലഭിക്കാനുണ്ട്. ആയതിൽ തൻവർഷം 9453506/- രൂപ മാത്രമേ തിരികെ ലഭിച്ചിട്ടുള്ളൂ ( 28951/- രൂപയുടെ കുറവ് ).

## 1-1-8 ഇ-ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറിയില്ല

ഇ-ടെണ്ടർ ഫീ സ്വീകരിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ സാമ്പത്തിക വർഷാവസാനം നീക്കിയിരിപ്പുള്ള തുക (31.03.2024 ന് 1,51,573/- രൂപ) പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറുകയോ, വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

## 1-1-9 ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ മൂല്യാധിഷ്ഠിതമാക്കി ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

## 1-1-10 മെയിന്റനൻസ് പ്രവൃത്തികൾ I-14(E) ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തില്ല

ഗ്രാമപഞ്ചായത്ത് 2023-24 സാമ്പത്തിക വർഷം നടപ്പാക്കിയ മെയിന്റനൻസ് പ്രവൃത്തികളുമായി ബന്ധപ്പെട്ട ചെലവുകളൊന്നും വാർഷിക ധനകാര്യപത്രികയുടെ I-14(E) ഷെഡ്യൂളിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-1-11 ഡെപ്പോസിറ്റ് ഇനത്തിൽ തുക പൊരുത്തപ്പെടുന്നില്ല

ഡെപ്പോസിറ്റ് ഇനത്തിൽ 2022-23 ബാലൻസ്ഷീറ്റ് ബി-7 ഷെഡ്യൂളിലെ തുകയോട് 2023-24 ആർ.പി.-33 വരവ് ഭാഗം കൂട്ടിയതിൽ നിന്നും 2023-24 ആർ പി-33 ചെലവ് ഭാഗം കുറച്ചാൽ ലഭിക്കുന്ന തുകയായ 523558.65/-രൂപയും 2023-24 ലെ വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂളിലെ തുകയായ 483166.65/- രൂപയും പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

ഭരണസമിതിയുടെ 21/03/2023 തീയതിയിലെ 51/23 നമ്പർ തീരുമാന പ്രകാരം ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക ബജറ്റും, 09.02.2024 തീയതിയിലെ 37/24 നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റും അംഗീകരിച്ചിട്ടുണ്ട്. 2023-24 വർഷത്തെ അംഗീകരിച്ച ബജറ്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 33967537 |
| വരവ് | 305586135 |
| ആകെ | 339553672 |
| ചെലവ് | 295918972 |
| നീക്കിയിരിപ്പ് | 43634700 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 49863892.57 |
| വരവ് | 77155429.00 |
| ആകെ | 127019321.57 |
| ചെലവ് | 61282197.00 |
| നീക്കിയിരിപ്പ് | 65737124.57 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 26064000 | 26064000 | 23798502 | 2265498 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 9376000 | 9376000 | 7196444 | 2179556 |
| മെയിന്റനൻസ്, റോഡ് | 0 | 22072650 | 22072650 | 5274998 | 16797652 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 3916600 | 3916600 | 3914776 | 1824 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied Grant) | 4754089 | 4628581 (4316000+312581 (Interest) | 9382670 (9070089+312581 (Interest) | 1475697 | 7906973 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied Grant) | 6569804 | 3237000 | 9806804 | 1245141 | 8561663 |

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഗ്രാന്റ്) ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂളിലേക്ക് പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെയും അവ നടപ്പാക്കിയതിന്റെയും വിവരം താഴെ കൊടുത്തിരിക്കുന്നു.(ഐ.കെ.എം ചെലവ് പത്രിക പ്രകാരം)

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 293 | 181480806 | 132 | 74068099 | 144 | 17 | 45.05% |

## 1-6 ആഭ്യന്തര നിയന്ത്രണം

2023-24 വർഷത്തെ വിവിധ മേഖലകളിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഒരു പരിധി വരെ വിജയിച്ചിട്ടുള്ളതായി കാണുന്നുണ്ടെങ്കിലും ആഭ്യന്തര നിയന്ത്രണ സംവിധാനം ഇനിയും മെച്ചപ്പെടുത്താൻ കഴിയുമെന്ന് പരിശോധനകളിൽ നിന്ന് ബോധ്യപ്പെടുന്നു. പഞ്ചായത്തിൽ വാഹനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുകയോ ലോഗ് ബുക്ക് പരിശോധിക്കുകയോ ചെയ്യുന്നില്ല. ലോഗ് ബുക്ക് കൃത്യമായി പരിശോധിക്കേണ്ടത് കസ്റ്റോഡിയൻ ഓഫീസറായ തദ്ദേശഭരണ സ്ഥാപന സെക്രട്ടറിയുടെ ചുമതലയാണ്. ലോഗ് ബുക്ക് ഇടക്കിടെ സെക്രട്ടറി പരിശോധിക്കേണ്ടതും വാഹന ഉപയോഗവും ഇന്ധന ഉപയോഗവും ക്രമപ്രകാരമാണോ എന്ന് ബോധ്യപ്പെടേണ്ടതും പരിശോധനാ വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇത്തരം നടപടികളൊന്നും ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. അതേ പോലെ ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പാക്കാൻ കസ്റ്റോഡിയൻ ഓഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ സാന്നിധ്യത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറക്കേണ്ടതാണെന്നും ഇന്ധനം നിറച്ച തിയ്യതി, ടാങ്കിലെ ഇന്ധനത്തിന്റെ അളവ്, ഹാജരായിരുന്ന ആളുടെ പേര്, ഉദ്യോഗപ്പേര്, ഒപ്പ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണെന്നും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാഹന ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ.(എം.എസ്.) നം. 170/07/തസ്വഭവ തിയ്യതി 30.6.2007 പ്രകാരം സർക്കാർ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ലോഗ് ബുക്ക് പരിശോധിച്ചതിൽ വാഹനത്തിൽ ഇന്ധനം നിറക്കുന്നത് ആരുടെ സാന്നിധ്യത്തിലാണെന്നത് രേഖപ്പെടുത്തുന്നില്ല. അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.11.24 തിയ്യതിയിൽ രാവിലെ 11:49 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4201/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 വസ്തു നികുതി ഇളവ് നൽകൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല.

ജി.ഒ(എം.എസ്).144/15/തസ്വഭവ തീയതി 27.04.2015, ജി.ഒ(എം.എസ്).358/15/ തസ്വഭവ തിയതി 16.12.2015 ഉത്തരവുകൾ പ്രകാരം 60 ച.മീ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള പഞ്ചായത്ത് പരിധിയിലെ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി പ്രസ്തുത ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഒരേ ഉടമസ്ഥന്റെ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ടെന്ന് കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമയുടെ പേര് |
|---|---|
| 10/226, 10/225 | ദമയന്തി വളപ്പിൽ |
| 3/27, 3/28 | ഗോപാലൻ,കിഴക്കേ പാണൻകണ്ടി |
| 13/106A, 13/102 | സുബൈദ ഒറ്റപ്പിലാക്കൽ |

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 14/20.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നൽകിയ നികുതി ഇളവ് റദ്ദ് ചെയ്യാൻ നടപടികൾ സ്വീകരിക്കേണ്ടതും ചട്ട പ്രകാരം നികുതി ഈടാക്കാൻ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-9 വിസ്തീർണത്തിനനുസൃതമായി വസ്തു നികുതി ഈടാക്കുന്നില്ല

2023-24 സാമ്പത്തിക വർഷത്തിൽ പുതുതായി അസസ്മെന്റ് നടത്തിയിട്ടുള്ള താഴെ പറയുന്ന വാണിജ്യാവശ്യത്തിനുള്ള 100m$^2$ ന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടത്തെ (Rs.80/M$^2$) വാണിജ്യാവശ്യത്തിനുള്ള 100m$^2$ വരെയുള്ള കെട്ടിടത്തിന് ബാധകമായ നിരക്കിൽ (Rs.55/M$^2$) ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.

| കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗ ക്രമം | തറ വിസ്തീർണം | നികുതി അസസ് ചെയ്തത് | ഈടാക്കിയ നികുതി (വഴി സൗകര്യം-20%വർദ്ധനവ് ഉൾപ്പെടെ) |
|---|---|---|---|---|---|
| 5/1/ F G H I J | കനകൻ | ഷോപ്പുകൾ | 107.62m$^2$ | 2023-24 രണ്ടാം അർദ്ധവർഷം മുതൽ | 3547/- (BT+LC) |
| വഴി സൗകര്യം - 5 മീ. കൂടുതൽ (20% വർദ്ധനവ്) | | | | | |
| **ഈടാക്കേണ്ട നികുതി**( ബാധകമാക്കേണ്ട നിരക്ക്=80/M$^2$, 107.62*80=8609.6) 8609.6+ 1721.92 = 10332+517 (BT+LC) =10849/- | | | | | |

(അടിസ്ഥാന വസ്തുനികുതി+ വഴി സൗകര്യം)

<u>രണ്ടാം അർദ്ധവർഷം മാത്രം</u>

5166+259=5425/- (BT+LC)

**<u>വ്യത്യാസം=</u>** 5425-3547=1878/-

മേൽ പറഞ്ഞ കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്. ടി കെട്ടിടത്തിന്റെ നികുതി പുനർനിർണ്ണയിച്ച് നികുതിയിനത്തിൽ സംഭവിച്ച കുറവ് ഈടാക്കി വിവരം അറിയിക്കേണ്ടതും ഇത്തരത്തിൽ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലെയും തെറ്റായി നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങൾ കണ്ടെത്തി നികുതി പുനർ നിർണ്ണയിക്കാനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

## <u>1-10 രസീത് പരിപാലനത്തിലെ അപാകതകൾ</u>

2023-24 സാമ്പത്തികവർഷത്തെ രസീതുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കൃഷി ഓഫീസർക്ക് ഇഷ്യു ചെയ്ത 28121-ാം നമ്പർ രസീത് ബുക്കിലെ 14 മുതൽ 38 വരെയുള്ള രസീതുകളും, 19823-ാം നമ്പർ രസീത് ബുക്കിലെ 14 മുതൽ 38 വരെയുള്ള രസീതുകളും ക്യാൻസൽ ചെയ്തിട്ടുണ്ടെങ്കിലും ടി രസീതുകളിലെ തുകകൾ സഹിതം പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. ക്യാൻസൽ ചെയ്ത രസീതുകളിലെ തുകകൾ വീണ്ടും അടവാക്കിയ അപാകതയ്ക്ക് ഗുണഭോക്താക്കളുടെ ബാഹുല്യത്താൽ റസീപ്റ്റ് ചെയ്യുന്നതിൽ ഡബിൾ എൻട്രി വന്ന് പോയതാണെന്നും അടച്ച തുക തിരികെ വാങ്ങി അപാകത പരിഹരിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഒന്നിലധികം തവണ ഇത്തരത്തിൽ അപാകത സംഭവിക്കുന്നത് റസീപ്റ്റ് തുകകൾ കൈകാര്യം ചെയ്യുന്നതിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാനും പണമിടപാടുകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യുന്നതിനായുള്ള നടപടികൾ കൈകൊള്ളേണ്ടതാണ്.

2. കൃഷി ഓഫീസർ 5/2/24 ൽ കൈപറ്റിയ 28127-ാം നമ്പർ രസീത് ബുക്ക് തീരെ ഉപയോഗിച്ചിട്ടില്ല. എന്നാൽ ആയതിലെ മുഴുവൻ രസീതുകളും ക്യാൻസൽ ചെയ്തതിനാൽ രസീത് ബുക്ക് ഉപയോഗിക്കാൻ സാധിക്കാത്ത നിലയിലാണ്. ഉപയോഗിക്കാത്ത രസീത് ബുക്കുകൾ സാമ്പത്തിക വർഷാവസാനം പഞ്ചായത്തിൽ തിരികെ നൽകി സ്റ്റോക്കിൽ എടുത്തിരുന്നെങ്കിൽ ടി സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്ത് ഉപയോഗിക്കാമായിരുന്നു. സംഭവിച്ച അപാകതയ്ക്കും ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കാതെ സാമ്പത്തിക വർഷാവസാനം വീണ്ടും രസീത്ബുക്ക് കൈപറ്റിയതും സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.8/18.11.24 ന് ലഭ്യമാക്കിയ മറുപടിയിൽ അറിവില്ലായ്മ മൂലമാണ് ഇത്തരത്തിൽ സംഭവിച്ചതെന്നും ഗുണഭോക്തൃവിഹിതം അടക്കാൻ കർഷകർ തയ്യാറാകാതിരുന്നതിനാലാണ് രസീത് ബുക്ക് ഉപയോഗിക്കാൻ സാധിക്കാതെ പോയതെന്നും അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ രസീത് ബുക്ക് കൈകാര്യം ചെയ്യുന്നതിൽ ബന്ധപ്പെട്ട സൂപ്പർ വൈസറി ഉദ്യോഗസ്ഥർ കൃത്യമായ മേൽ നോട്ടം വഹിക്കേണ്ടതാണ്.

അക്കൗണ്ട്സ് ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നതിനും പണമിടപാടുകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണ സമിതിയും ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയും ഇക്കാര്യത്തിൽ ശ്രദ്ധചെലുത്തേണ്ടതാണ്.

## 1-11 പുതുക്കിയ നിരക്കിൽ വസ്തുനികുതി ഈടാക്കുന്നില്ല

സ.ഉ(കൈ)നം.77/2023/LSGD തീയതി 22.03.2023 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലും 05.04.2023 ലെ സ.ഉ.(അച്ചടി)നം.25/2023/തസ്വഭവ പ്രകാരമുള്ള നിരക്കുകളുടെ അടിസ്ഥാനത്തിലും ഭരണസമിതിയുടെ 18.07.2023 ലെ 151/2023 നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിന് ബാധകമായ വസ്തുനികുതി നിരക്കുകൾ 01.04.2023 പ്രാബല്യത്തിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള കെട്ടിടങ്ങളോട് പുതുതായി കൂട്ടിചേർത്തിട്ടുള്ള, 01.04.2023 ന് ശേഷം വസ്തുനികുതി നിർണ്ണയിച്ച കെട്ടിട ഭാഗങ്ങൾക്ക് പുതിയ നികുതിനിരക്ക് ബാധകമാണ്. എന്നാൽ പഞ്ചായത്തിലെ ചില കെട്ടിടങ്ങൾ പരിശോധിച്ചതിൽ കൂട്ടിചേർത്ത ഭാഗത്തിന് പഴയ നിരക്കിൽ തന്നെ നികുതി നിർണ്ണയിച്ചതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗ ക്രമം | ആകെ തറ വിസ്തീർണം | കൂട്ടിച്ചേർത്ത ഭാഗം (പുതിയ നിരക്ക് ബാധകമായത്) | ബാധകമാക്കിയ നിരക്ക് | ബാധകമാക്കേണ്ട നിരക്ക് |
|---|---|---|---|---|---|---|
| 16/972 | ദിലീപ് | വീടുകൾ | 244.86 $M^2$ | 99.08 $M^2$ | 5 | 7 |
| 12/473 | റീത്ത എം.പി | | 107.49 $M^2$ | 53.49 $M^2$ | | |
| 12/92 | മോഹൻദാസ് | | 138.28 $M^2$ | 88.28 $M^2$ | | |

ഇത്തരത്തിൽ പഞ്ചായത്ത് പരിധിയിൽ 2023 ഒന്നാം അർദ്ധവർഷം മുതൽ നികുതി നിർണയിച്ചിട്ടുള്ള മുഴുവൻ കെട്ടിടങ്ങളും പരിശോധിച്ച് പുതുക്കിയ നിരക്കിൽ വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 വസ്തു നികുതി-ഡിമാന്റ് തുക മുഴുവനായും അടവാക്കിയില്ല-കുടിശ്ശിക നിലനിൽക്കുന്നു

പഞ്ചായത്ത് പരിധിയിൽ പുതുതായി അസസ്മെന്റ് നടത്തിയിട്ടുള്ള കെട്ടിടങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൽ ചില കെട്ടിടങ്ങൾ 2023-24 സാമ്പത്തിക വർഷത്തെ നികുതി ഒടുക്കിയിട്ടുണ്ടെങ്കിലും പുതിയ നിരക്ക് പ്രകാരമുള്ള ഡിമാന്റ് തുക മുഴുവനായും ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗ ക്രമം | കുടിശ്ശിക |
|---|---|---|---|
| 5/20 A To F | ശിവരാമൻ | ഷോപ്പുകൾ | 3438/- |
| 21/117 A | നിഗിൽ രാജ് | പാർപ്പിടം | 668/- |
| 16/963 A | പ്രമോദ് എ & വത്സൻ ആശിർവാദ് | പാർപ്പിടം | 462/- |
| 14/515 C D | ബാബു കെ.എം | ഷോപ്പുകൾ | 346/- |

മേൽ പരാമർശിച്ച തുകകൾ ബന്ധപ്പെട്ട കെട്ടിട ഉടമകളിൽ നിന്നും അടവാക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതും ഇത്തരത്തിൽ കുടിശ്ശികയുള്ള മുഴുവൻ കെട്ടിടങ്ങളും കണ്ടെത്തി പുതിയ നിരക്കിലുള്ള നികുതി മുഴുവനായും അടവാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

**<u>1-13 വാടക-സെക്യൂരിറ്റി ഡെപ്പോസിറ്റ് മുഴുവനായും ഈടാക്കാത്തത് - സംബന്ധിച്ച്</u>**

സർക്കാർ അംഗീകരിച്ച പഞ്ചായത്തിന്റെ വാടക ബൈലോ പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മുറികൾ ലേലം കൊള്ളുന്ന വ്യക്തികൾ മൂന്ന് മാസത്തിൽ വാടക തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകേണ്ടതാണ്. എന്നാൽ 2023-24 സാമ്പത്തിക വർഷം മാസ വാടകയ്ക്ക് നൽകുന്നതിനായി ലേലം ചെയ്ത് നൽകിയ പഞ്ചായത്തിന്റെ വക ഷോപ്പിംഗ് കോംപ്ലക്സിലെ റൂം നമ്പർ 6,15 എന്നിവ ലേലം കൊണ്ട വ്യക്തികളിൽ നിന്നും ഡെപ്പോസിറ്റ് തുകകൾ മുഴുവനായും ഈടാക്കിയിട്ടില്ലായിരുന്നു. പ്രതിമാസവാടക 3000/-രൂപയ്ക്ക് ലേലം ചെയ്ത 6-ാം നമ്പർ മുറിക്ക് ഡെപ്പോസിറ്റ് ഇനത്തിൽ 9000/- രൂപയും, 6500/-രൂപ മാസവാടകയ്ക്ക് ലേലം ചെയ്ത 15-ാം നമ്പർ മുറിക്ക് ഡെപ്പോസിറ്റ് ഇനത്തിൽ 19500/- രൂപയും ഈടാക്കേണ്ടതുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ, ഡെപ്പോസിറ്റ് തുകയായി യഥാക്രമം 5500/-രൂപ, 13000/-രൂപ എന്നിങ്ങനെ മാത്രമാണ് ഈടാക്കിയിരുന്നത്. സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിലെ മുഴുവൻ തുകയും ഈടാക്കാത്തതിന് കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.07/18.11.24) റൂം നമ്പർ 6 ലേലം കൊണ്ട വ്യക്തിയിൽ നിന്നും ഡെപ്പോസിറ്റ് തുകയിൽ ബാലൻസുള്ള 3500/-രൂപ ഈടാക്കിയതായും, റൂം നമ്പർ 15 ലേലം കൊണ്ട വ്യക്തി മുറി ഒഴിഞ്ഞതായും ഡെപ്പോസിറ്റ് തുകകൾ തിരികെ കൈപറ്റിയതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്തിന്റെ വരുമാനമായി കണക്കാക്കാൻ കഴിയില്ലെങ്കിലും വാടകക്കാരൻ വ്യവസ്ഥകൾ പാലിക്കാത്ത സാഹചര്യങ്ങളിൽ പഞ്ചായത്തിന്റെ വാടക വരുമാനത്തിൽ കുറവ് സംഭവിക്കാതെ മുതൽക്കൂട്ടാവുന്ന കരുതൽ ധനമാണെന്നിരിക്കെ ആയത് വീഴ്ച വരുത്താതെ മുഴുവനായും പിരിച്ചെടുക്കേണ്ടതിൽ അധികൃതർ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഓഡിറ്റ് നിരീക്ഷണത്തിനുമേൽ നടപടി സ്വീകരിച്ച് അപാകത പരിഹരിച്ചിട്ടുണ്ടെങ്കിലും ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

**<u>1-14 ലേല നിബന്ധനകൾ പാലിച്ചില്ല</u>**

പഞ്ചായത്തിന്റെ വക ഫിഷ് മാർക്കറ്റ് 2023-24 സാമ്പത്തിക വർഷം ശ്രീ.ശിവൻ, തൈവളപ്പിൽ എന്നവർക്ക് 60000/- രൂപയ്ക്ക് ലേലം ചെയ്ത് നൽകിയിട്ടുണ്ട്. ലേല നിബന്ധനകൾ പ്രകാരം ലേലത്തിൽ പങ്കെടുക്കുന്നവർ 10% ഡെപ്പോസിറ്റ് വെക്കേണ്ടതും ലേലം വിളിച്ചെടുക്കുന്ന ആൾ മുഴുവൻ തുകയും ജി.എസ്.ടി സഹിതം അപ്പോൾ തന്നെ അടക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ മുഴുവനായി അടവാക്കാതെ തുകകൾ ഇൻസ്റ്റാൾമെന്റുകളായാണ് അടവാക്കിയിട്ടുള്ളത് എന്ന് കാണുന്നു. ലേലം കൊണ്ട വ്യക്തിയുമായി കരാറിലേർപ്പെട്ടതിന്റെ രേഖകളും ലഭ്യമല്ല. ഫയൽ പരിശോധിച്ചതിൽ, വ്യവസ്ഥകളൊന്നും രേഖപ്പെടുത്താത്ത എഗ്രിമെന്റാണ് വെച്ചിട്ടുള്ളത്. കഴിഞ്ഞ വർഷങ്ങളിലും സമാന രീതിയിലാണ് എഗ്രിമെന്റുകൾ കൈകാര്യം ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ മുഴുവൻ തുകയും ഈടാക്കാതെ ലേലം ഉറപ്പിക്കുന്നതിനാലും, വ്യവസ്ഥകൾ കൃത്യമായി രേഖപ്പെടുത്താതെ എഗ്രിമെന്റ് വെക്കുന്നതിനാലുമാണ് കഴിഞ്ഞ സാമ്പത്തിക വർഷം ഫിഷ് മാർക്കറ്റ് ലേലം ചെയ്തതിൽ

47500/- രൂപ കുടിശ്ശിക വന്നിട്ടുള്ളതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. നിബന്ധനകൾ പാലിക്കാതെ ലേല നടപടികൾ കൈകാര്യം ചെയ്യുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.07/18.11.24 ന് ലഭ്യമാക്കിയ മറുപടിയിൽ മത്സ്യ മാർക്കറ്റ് ലേലം നടത്തിയതിൽ ആരും തന്നെ പങ്കെടുത്തിട്ടില്ലായിരുന്നുവെന്നും, നിലവിൽ ലേലം കൊണ്ടിട്ടുള്ള വ്യക്തി മാർക്കറ്റ് ഏറ്റെടുക്കാൻ നേരിട്ട് സന്നദ്ധനായതാണെന്നും ലേല തുക മുഴുവനായും അടച്ചിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട് . വാടകക്കാരനുമായുള്ള എഗ്രിമെന്റ് എഴുതി തയ്യാറാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. ഭാവിയിൽ ലേലം കൊള്ളുന്ന വ്യക്തിയുമായി നിബന്ധനകൾ എഴുതിച്ചേർത്ത എഗ്രിമെന്റ് വെക്കുന്നതിൽ കണിശത പാലിക്കേണ്ടതാണ്.

## 1-15 വയോജനങ്ങൾക്ക് കട്ടിൽ പദ്ധതി-ഒരാൾക്ക് രണ്ട് തവണ ആനുകൂല്യം നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 169/23-24 വയോജനങ്ങൾക്ക് കട്ടിൽ പദ്ധതി |
| പദ്ധതി അടങ്കൽ | 527360/- രൂപ<br>(പൊതു വിഭാഗം സാധാരണ വിഹിതം) |
| ചെലവ് | 527360/- |
| ബിൽ നമ്പർ/ തിയ്യതി | 209/10.10.2023, 149902,<br>208/10.10.23, 377458 |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

മേൽ പ്രൊജക്ട് പ്രകാരം വയോജനങ്ങൾക്ക് കട്ടിൽ നൽകുന്നതിനായി കാഡ്കോയിൽ നിന്നും ഇൻവോയ്സ് നം.NRO/23-24207,NRO/23-24/206-04/10/23 എന്നിവ പ്രകാരം 123 കട്ടിൽ ലഭ്യമാക്കി വിതരണം ചെയ്തിട്ടുണ്ട്. 17.06.23 ലെ 1/3(2)/23 നമ്പർ തീരുമാന പ്രകാരം 2022-23 വർഷത്തെ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ആനുകൂല്യം വിതരണം തുടരുന്നതിന് ഭരണ സമിതി അംഗീകാരം നൽകിയിരുന്നു. എന്നാൽ 2022-23 വർഷം കട്ടിൽ കൈപ്പറ്റിയ ശാന്ത ചാമപ്പറമ്പത്ത് മീത്തൽ (വാർഡ്-9) എന്നവർക്ക് 2023-24 ലും കട്ടിൽ നൽകിയതായി കണ്ടു. മേൽ ആനുകൂല്യം ഒരാൾക്ക് രണ്ട് തവണ നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്റെ (നം.9/19.11.24) അടിസ്ഥാനത്തിൽ ഒരു കട്ടിലിന്റെ തുകയായ 3635/- രൂപ രശീതി നം.1240304414/ജി110901 തീയതി 21/11/2024 പ്രകാരം പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട്. മേൽ തുക ബന്ധപ്പെട്ട ഫണ്ടിൽ തിരിച്ചടച്ച് സെക്രട്ടറി വിവരം അറിയിക്കേണ്ടതാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് സമയബന്ധിതമായി ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 69/23-24 – ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് |
| പദ്ധതി അടങ്കൽ | 22,45,000/-<br>(പൊതു വിഭാഗം സാധാരണ വിഹിതം – 12,45,000/-,<br>ബ്ലോക്ക് പഞ്ചായത്ത് – 7,50,000/-,<br>ജില്ലാ പഞ്ചായത്ത് – 2,50,000/-) |
| ചെലവ് | 22,30,300/- |
| ബിൽ നമ്പർ/ തിയ്യതി | 207/10.10.2023 – 4,42,500/-<br>296/11/12/2023 – 2,50,000/- |

| | |
|---|---|
| | 493/15/02/24 - 7,50,000/-<br>580/23/03/24 - 7,59,300<br>581/23/03/24 - 28,500 |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

മേൽ പ്രൊജക്റ്റ് പ്രകാരം 2023-24 വർഷത്തെ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് തുക ചുവടെ പരാമർശിക്കുന്ന ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി ലഭ്യമാക്കിയില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനം. | പേര് | വാർഡ് നം. | അപേക്ഷ നൽകിയ തീയതി | തുക |
|---|---|---|---|---|
| 1 | നിഖിൽ രാജീവ് | 17 | 10.07.23 | 9850 |
| 2 | ആദിൽ ദിലീഷ് | 14 | 03.07.23 | 3000 |
| 3 | അശ്വനി പ്രേം | 17 | 30.06.23 | 8000 |
| 4 | മുഹമ്മദ് ഹബീബ് | 14 | 03.07.23 | 5300 |
| 5 | അജന്യ | 10 | 25.10.23 | 28500 |

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് തുക യഥാസമയം ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ലഭ്യമാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (15/20.11.24), ക്രമ നം.1 മുതൽ 4 വരെയുള്ള കുട്ടികളുടെ സ്കോളർഷിപ്പ് തുക, അവർ അപേക്ഷയോടൊപ്പം ഹാജരാക്കിയ ബാങ്ക് അക്കൗണ്ടിലാണ് മാറി നൽകിയതെന്നും, 2024 ജൂലൈ മാസം ഒരു ഗുണഭോക്താവ് തുക ലഭ്യമാകാത്തത് സംബന്ധിച്ച് പരാതി നൽകിയതിനെ തുടർന്നുള്ള പരിശോധനയിൽ, പ്രവർത്തന രഹിതമായ ബാങ്ക് അക്കൗണ്ട് രേഖകളാണ് ഗുണഭോക്താക്കൾ അപേക്ഷയോടൊപ്പം ഹാജരാക്കിയതെന്ന് കണ്ടെത്തിയതായും അതുപ്രകാരം ഗുണഭോക്താക്കളുടെ പുതിയ അക്കൗണ്ടുകൾ ലഭ്യമാക്കി, സർക്കാർ അക്കൗണ്ടിൽ തിരികെ പോകാത്ത തുകകൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ടെന്നും, ക്രമ നം. 5 ലെ ഗുണഭോക്താവ് അപേക്ഷ നൽകിയതിലെ കാല താമസവും മതിയായ രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കാത്തതിനാലും വികസന ഫണ്ടിന്റെ ലഭ്യതക്കുറവു മൂലമാണ് തുക ലഭ്യമാക്കാൻ കഴിയാത്തതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31-7-2023 ലെ ഡിഎ1/264/2023 സർക്കുലർ പ്രകാരം ഇപ്രകാരം ഗുണഭോക്താവിന്റെ പണം നിർവ്വഹണ ഉദ്യോഗസ്ഥന്റെ അനാസ്ഥ കാരണം സർക്കാരിലേക്ക് തിരികെ പോകുന്നത് ഒഴിവാക്കുന്നതിന് തദ്ദേശ സ്വയംഭരണ സെക്രട്ടറിയും നിർവ്വഹണ ഉദ്യോഗസ്ഥനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. കൃത്യമായ പരിശോധന നടത്താതെ ഗുണഭോക്താവിന് തുക അനുവദിക്കുന്നതിനാലാണ് അപാകത സംഭവിച്ചിട്ടുള്ളത്. ഗുണഭോക്താക്കൾക്ക് അർഹമായ തുക തുടർവർഷത്തെ പദ്ധതിയിൽ നിന്ന് നൽകി അറിയിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-17 ഇ-ടെണ്ടർ ഫീ പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറിയില്ല

ഗ്രാമപഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട ടെണ്ടർ ഫീ സ്വീകരിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ കക്കോടി ശാഖയിൽ 37124261313 നമ്പറായി 30.06.2017 ന് കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. അക്കൗണ്ടിൽ 31.03.2024 ന് 1,51,573/- രൂപ

നീക്കിയിരിപ്പുണ്ടായിരുന്നെങ്കിലും പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറുകയോ ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

ഇ-ടെണ്ടർ ഫീ ഇനത്തിൽ സാമ്പത്തിക വർഷാവസാനം നീക്കിയിരിപ്പുള്ള തുക പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറാത്തതിന്റെ കാരണം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/2023-24 തീയതി 20.11.2024) മറുപടി ലഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും തുക പഞ്ചായത്ത് ഫണ്ടിലേക്ക് കൈമാറി വിവരം അറിയിക്കേണ്ടതുമാണ്. കൂടാതെ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് മുൻപോ അതിന് ശേഷമോ ഇ-ടെണ്ടർ ഫീ ഇനത്തിലുള്ള തുകകൾ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് വരവ് വയ്ക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും, ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരവും തുക തിരികെ ലഭിക്കാൻ സ്വീകരിച്ച നടപടികളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 വൻതുക ചെലവഴിച്ച് സ്ഥാപിച്ച ക്രിമറ്റോറിയം യൂണിറ്റ് പ്രവർത്തനം ആരംഭിച്ചത് വാറണ്ടി കാലാവധിക്ക് ശേഷം

| | |
|---|---|
| പ്രൊജക്റ്റ് | SO 253/23-24, ശ്മശാന നിർമ്മാണം<br>(149/19-20, SO 142/20-21, SO 188/21-22, SO 23/22-23<br>എന്നീ പ്രൊജക്ടുകളുടെ തുടർച്ച ) |
| അടങ്കൽ | 5,93,852/-<br>[ 5,00,000 – ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 93,852 – തനത് ഫണ്ട് ] |
| ചെലവ് | 5,00,000 [സാംഖ്യ ബിൽ നം. 635/23-24 തിയതി 24.03.2024] |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

കക്കോടി ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിൽ (കോട്ടുപാടം) അത്താഴക്കുന്ന് കീഴിൽ എന്ന സ്ഥലത്ത് "ശാന്തിസ്ഥലി" എന്ന പേരിൽ ഗ്രാമപഞ്ചായത്ത് വാതക ശ്മശാനം നിർമ്മിച്ചിട്ടുണ്ട്. ശ്മശാനത്തിലെ ക്രിമറ്റോറിയം യൂണിറ്റ് സ്ഥാപിക്കുന്നതിനായി ഹൈടെക്ക് ക്രിമറ്റോറിയം പ്രൈവറ്റ് ലിമിറ്റഡ് (ബിൽഡിംഗ് നം. XII/592, ചിറയം, പി.ഒ പാനായിക്കുളം, ആലുവ -683511) എന്ന സ്ഥാപനത്തെയാണ് ടെണ്ടർ മുഖേന തെരഞ്ഞെടുത്തത്. (ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.06.2021ലെ 74/21(2) നമ്പർ തീരുമാനം). 24,98,000/- രൂപയ്ക്കാണ് സ്ഥാപനം പ്രവർത്തി ഏറ്റെടുത്തത്. തുടർന്ന് ക്രിമറ്റോറിയം യൂണിറ്റ് സ്ഥാപിക്കുന്നതിനായി 05.11.2021 തീയതിയിലെ AE/09/21-22 നമ്പർ ഉടമ്പടി പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടു. പ്രവർത്തിയുമായി ബന്ധപ്പെട്ട് സ്ഥാപനത്തിന് നൽകിയ സെലക്ഷൻ മെമ്മോ, പ്രവൃത്തി നടത്തുന്നതിനായി സ്ഥലം കൈമാറിക്കൊണ്ടുള്ള സൈറ്റ് ഹാൻഡിങ്ങ് ഓവർ റിപ്പോർട്ട് എന്നിവയൊന്നും പ്രൊജക്റ്റ് ഫയലിൽ ഇല്ല.

ശ്മശാന കെട്ടിടത്തിനുള്ളിലും പുറത്തുമായി ഫർണ്ണസ് (പ്രൈമറി & സെക്കണ്ടറി ചേമ്പർ), പ്യൂരിഫിക്കേഷൻ ചേമ്പർ, അനുബന്ധ ഡക്ടുകൾ, മോട്ടോറുകൾ, 30 മീറ്റർ ഉയരമുള്ള ചിമ്മിനി, ട്രോളി റെയിൽ, സ്റ്റെയിൻലെസ്സ് സ്റ്റീൽ ബെഡ് എന്നിവയടങ്ങുന്ന ക്രിമറ്റോറിയം യൂണിറ്റാണ് സ്ഥാപിച്ചിട്ടുള്ളത്. ക്രിമറ്റോറിയം യൂണിറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി 12.01.2023ന് പൂർത്തിയായതായി 12.01.2023 ലെ HTCPL/22-23/399 നമ്പർ കത്ത് പ്രകാരം സ്ഥാപനം ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ആകെ ചെലവ് | | ചെലവ് ബില്ലിൽ നിന്നുള്ള കിഴിവുകൾ | |
|---|---|---|---|
| പ്രവൃത്തി മൂല്യം | 21,16,950 | ഐ.ടി ( 2%) | 42339 |
| സി.ജി.എസ്.റ്റി | 1,90,525 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ( 1%) | 21170 |
| എസ്.ജി.എസ്.റ്റി | 1,90,525 | കാലതാമസത്തിനുള്ള പിഴ | 49960 |
| ആകെ | 24,98,000 | സി.ജി.എസ്.റ്റി (1%) | 21170 |
| | | എസ്.ജി.എസ്.റ്റി (1%) | 21170 |
| | | ആകെ കിഴിവ് | 1,55,809 |
| സ്ഥാപനത്തിന് നൽകാനുള്ള തുക (24,98,000 -1,55,809) = 23,42,191/- | | | |

മേൽ തുക സംബന്ധമായി നാളിതുവരെ നൽകിയ ബില്ലുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം/തീയതി | തുക |
|---|---|---|
| 1 | ബിൽ നം. 562/22-23 തീയതി 29.03.2023 - ജില്ലാ പഞ്ചായത്ത് വിഹിതം (പ്രൊജക്റ്റ് നം. 23/22-23) | 19,04,148 |
| 2 | ബിൽ നം. 562/22-23 തീയതി 29.03.2023 – ബ്ലോക്ക് പഞ്ചായത്ത് വിഹിതം(പ്രൊജക്റ്റ് നം. 253/23-24) | 5,00,000 |
| ആകെ | | 24,04,148 |
| സ്ഥാപനത്തിന് നൽകാൻ ശേഷിക്കുന്ന തുക | | 93,852/- |

ഫയൽ പരിശോധിച്ചതിൽ ശ്രദ്ധിക്കപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) പ്രവർത്തിയെ തുടർന്ന് സ്ഥാപനത്തിന് നൽകിയ തുകയിൽ നിന്ന് കാലതാമസത്തിനുള്ള പിഴയായി 49,960/- രൂപ കുറവു ചെയ്തിട്ടുണ്ട്. പ്രവൃത്തിയുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥാപനവുമായി ഒപ്പുവച്ചിട്ടുള്ള ഉടമ്പടിയിലെ ഖണ്ഡിക 4 പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധിയുടെ നാലിൽ ഒന്ന് (25%) സമയം അധികരിച്ചാൽ കരാർ തുകയുടെ ഒരു ശതമാനം (മിനിമം 1000, പരമാവധി 50000) പിഴചുമത്തിക്കൊണ്ടും അതിൽ കൂടുതൽ വരുന്ന സമയത്തിന് (പരമാവധി 50% കാലാവധി) 2% വും (മിനിമം 2000, പരമാവധി 100000) പിഴ ചുമത്തിക്കൊണ്ട് മാത്രമേ കാലാവധി നീട്ടിക്കൊടുക്കാൻ പാടുള്ളൂ. എന്നാൽ ഉടമ്പടിയിലൊരിടത്തും പ്രവൃത്തി പൂർത്തീകരണ കാലാവധി എത്രയാണ് എന്ന് സൂചിപ്പിട്ടില്ല. പിഴ തുക കണക്കാക്കിയത് സംബന്ധിച്ച വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി പൂർത്തീകരണ കാലാവധി നിശ്ചയിച്ചത് സംബന്ധിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ കാലതാമസത്തിനുള്ള പിഴ കണക്കാക്കിയതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

(2) കരാർ പത്രികയിലെ ഖണ്ഡിക 7 പ്രകാരം ഫർണ്ണസ് അനുബന്ധ ഉപകരണങ്ങൾക്ക് 12 മാസത്തെ വാറണ്ടിയാണ് ഉള്ളത്. സ്ഥാപനം ലഭ്യമാക്കിയ 12.01.2023 ലെ HTCPL/22-23/400 നമ്പർ വാറണ്ടി സർട്ടിഫിക്കറ്റിൽ ക്രിമറ്റോറിയം യൂണിറ്റിന്റെ വാറണ്ടി കാലാവധി പ്രവൃത്തി പൂർത്തീകരിച്ച തീയതിയായ 12.01.2023 മുതൽ 11.01.2024 വരെയായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ശ്മശാനത്തിൽ സ്ഥാപിച്ചിട്ടുള്ള ഫലകത്തിലെ രേഖപ്പെടുത്തൽ പ്രകാരം ക്രിമറ്റോറിയം യൂണിറ്റിന്റെ ഉദ്ഘാടനം നടന്നത് 20.10.2024നും ശ്മശാനത്തിൽ

സൂക്ഷിച്ചിട്ടുള്ള രജിസ്റ്റർ പ്രകാരം ആദ്യത്തെ മൃതദേഹം ദഹിപ്പിച്ചിട്ടുള്ളത് 03.11.2024 നമാണ്. വാറണ്ടി കാലാവധി കഴിഞ്ഞ് ഒൻപത് മാസങ്ങൾക്ക് ശേഷം മാത്രമാണ് ക്രിമറ്റോറിയം യൂണിറ്റ് പ്രവർത്തിപ്പിക്കാൻ തുടങ്ങിയത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ഏകദേശം 25 ലക്ഷം രൂപ ചെലവഴിച്ച് സ്ഥാപിച്ച യൂണിറ്റ് വാറണ്ടി കാലാവധിയും കഴിഞ്ഞ് മാസങ്ങൾക്ക് ശേഷം മാത്രം പ്രവർത്തിപ്പിക്കാൻ ആരംഭിച്ചത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയാണ്. യഥാസമയം യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിരുന്നെങ്കിൽ വാറണ്ടി കാലാവധിക്കകം സംഭവിക്കുന്ന തകരാറുകൾ കരാർ സ്ഥാപനം സ്വന്തം ചെലവിൽ പരിഹരിക്കുമായിരുന്നു. ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള അനാസ്ഥ മൂലം ഇതിനുള്ള സാധ്യത നഷ്ടപ്പെട്ടിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി 19.11.2024 ന് നടത്തിയ സ്ഥലപരിശോധനയിൽ ക്രിമറ്റോറിയം യൂണിറ്റിന്റെ പ്യൂരിഫിക്കേഷൻ ചേമ്പറിലെ വെറ്റ് വെൻച്വറി സ്ക്രബ്ബറിലേക്ക് ജലമെത്തിക്കുന്നതിനുള്ള പൈപ്പ് ഫർണ്ണസ് ചേമ്പറിന്റെ ഡക്റ്റിൽ നിന്നുള്ള താപം കാരണം ഉരുകി വേർപ്പെട്ടു പോയതായി കാണുകയുണ്ടായി. ഇത് റിപ്പയർ ചെയ്ത് പൂർവ്വസ്ഥിതിയിലാക്കിയിട്ടില്ല. സ്ഥലപരിശോധനാ തീയതി വരെ ആകെ 11 മൃതദേഹങ്ങൾ മാത്രമാണ് ശ്മശാനത്തിൽ ദഹിപ്പിച്ചിട്ടുള്ളത്. വാറണ്ടി കാലാവധി കഴിഞ്ഞിട്ടുള്ളതിനാൽ ക്രിമറ്റോറിയം യൂണിറ്റിന്റെ പ്രവർത്തനം കൂടുതൽ നടക്കുന്നതിനനുസരിച്ച് മറ്റു തകരാറുകൾ സംഭവിക്കുന്ന പക്ഷം അവയെല്ലാം ഗ്രാമപഞ്ചായത്ത് പണം ചെലവഴിച്ച് പരിഹരിക്കേണ്ടി വരുന്ന സാഹചര്യമാണ് നിലവിലുള്ളത്.

(3) സംസ്കരിക്കപ്പെടുന്ന മൃതദേഹങ്ങളുടെ ഭൗതികാവശിഷ്ടങ്ങൾ (അസ്ഥികളും ചാരവും) സംഭരിക്കുന്നതിന് രണ്ട് ചെറിയ റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ മാത്രമാണ് ശ്മശാനത്തിൽ ഉള്ളത്. 11 മൃതദേഹങ്ങൾ ദഹിപ്പിച്ചു കഴിഞ്ഞപ്പോഴേക്കും ഇതിൽ ഒന്നിന്റെ പകുതിയോളം ഭാഗം നിറഞ്ഞു കഴിഞ്ഞിട്ടുണ്ട്. ക്രിമറ്റോറിയം യൂണിറ്റിന്റെ പ്യൂരിഫിക്കേഷൻ ചേമ്പറിലെ വെള്ളം ഏകദേശം ഇരുപതോളം മൃതദേഹങ്ങൾ ദഹിപ്പിച്ചു കഴിഞ്ഞാൽ ഒഴിവാക്കേണ്ടതാണ് എന്നും, ഈ മലിനജലം തുറന്ന സ്ഥലത്തേക്ക് ഒഴിവാക്കാൻ പാടില്ലാത്തതും, സെപ്റ്റിക് ടാങ്കുപോലുള്ള ക്ലോസ്ഡ് ടാങ്കിലേക്ക് മാത്രം ഒഴിവാക്കപ്പെടേണ്ടതാണ് എന്നും സ്ഥലപരിശോധനാ വേളയിൽ നിലവിലെ ശ്മശാനം സൂക്ഷിപ്പുകാർ അറിയിക്കുകയുണ്ടായി. എന്നാൽ അതിനുള്ള ടാങ്കിന്റെ നിർമ്മാണം പോലും ഗ്രാമപഞ്ചായത്ത് ഇതു വരെ ആരംഭിച്ചിട്ടില്ല. ശ്മശാനത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങളെയും, സൗകര്യങ്ങളെയും സംബന്ധിച്ച് സമഗ്രമായി വിലയിരുത്താതെയാണ് ഗ്രാമപഞ്ചായത്ത് ശാന്തിസ്ഥലിയിൽ നിർമ്മാണപ്രവർത്തികൾ നടത്തിയിട്ടുള്ളത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.

(4) ശ്മശാനത്തിന്റെ സൂക്ഷിപ്പും നടത്തിപ്പും സംബന്ധിച്ച് ഒരു കരട് നിയമാവലി ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ തയ്യാറാക്കി വച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത നിയമാവലി ഭരണസമിതി അംഗീകരിച്ചത് സംബന്ധിച്ച വിവരങ്ങളൊന്നും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ നിയമാവലിക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികളും ഗ്രാമപഞ്ചായത്ത് നാളിതുവരെ സ്വീകരിച്ചിട്ടില്ല. പാലക്കാട് ജില്ലയിലെ ഐവർമഠവുമായി ബന്ധപ്പെട്ട രണ്ട് പേരാണ് സ്ഥലപരിശോധനാ വേളയിൽ ശ്മശാന സൂക്ഷിപ്പുകാരായി ശാന്തിസ്ഥലിയിൽ ഉണ്ടായിരുന്നത്. അവർക്ക് ശ്മശാനത്തിന്റെയും ക്രിമറ്റോറിയം യൂണിറ്റിന്റെയും സൂക്ഷിപ്പ ചുമതലയും നടത്തിപ്പ ചുമതലയും എപ്രകാരമാണ് കൈമാറിയത് എന്നത് സംബന്ധിച്ച യാതൊരു രേഖകളും വിവരങ്ങളും ഗ്രാമപഞ്ചായത്ത് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വൻതുക ചെലവഴിച്ച് നിർമ്മിച്ച ശ്മശാന കെട്ടിടവും അതിൽ സ്ഥാപിച്ചിരിക്കുന്ന ക്രിമറ്റോറിയം യൂണിറ്റും

വ്യക്തമായ മാനദണ്ഡങ്ങളോ കരാർ ഉടമ്പടിയോ കൂടാതെയാണ് സൂക്ഷിപ്പിനും നടത്തിപ്പിനുമായി കൈമാറിയിട്ടുള്ളത് എങ്കിൽ ആയത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയാണ്.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/2023-24 തീയതി 20.11.2024) മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ താഴെ പറയുന്ന നടപടികൾ ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

(1) ക്രിമറ്റോറിയം യൂണിറ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഹൈടെക്ക് ക്രിമറ്റോറിയം പ്രൈവറ്റ് ലിമിറ്റഡിന് നൽകിയ സെലക്ഷൻ മെമ്മോ, പ്രവൃത്തി നടത്തുന്നതിനായി സ്ഥലം കൈമാറിക്കൊണ്ടുള്ള സൈറ്റ് ഹാൻഡിങ്ങ് ഓവർ റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

(2) ക്രിമറ്റോറിയം യൂണിറ്റ് സ്ഥാപിക്കൽ പ്രവർത്തിയുടെ പൂർത്തീകരണ കാലാവധി നിശ്ചയിച്ചത് സംബന്ധിച്ച വിവരങ്ങളും, കാലതാമസത്തിനുള്ള പിഴ കണക്കാക്കിയതിന്റെ വിശദാംശങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും, കരാർ സ്ഥാപനത്തിന് നൽകാൻ ശേഷിക്കുന്ന തുക നൽകുന്നതിന് മുൻപായി പിഴ കണക്കാക്കിയതിന്റെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്.

(3) വൻതുക ചെലവഴിച്ച് സ്ഥാപിച്ച ക്രിമറ്റോറിയം യൂണിറ്റ് വാറണ്ടി കാലാവധിയും കഴിഞ്ഞ് മാസങ്ങൾക്ക് ശേഷം മാത്രം പ്രവർത്തിപ്പിക്കാൻ ആരംഭിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

(4) ക്രിമറ്റോറിയം യൂണിറ്റിന്റെ പ്യൂരിഫിക്കേഷൻ ചേമ്പറിന്റെ വെറ്റ് വെൻച്വറി സ്ക്രബ്ബറിലേക്ക് ജലമെത്തിക്കുന്നതിനുള്ള പൈപ്പിന്റെ തകരാർ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

(5) സംസ്കരിക്കപ്പെടുന്ന മൃതദേഹങ്ങളുടെ ഭൗതികാവശിഷ്ടങ്ങൾ സംഭരിക്കുന്നതിന് ആവശ്യമായ സംവിധാനവും, ക്രിമറ്റോറിയം യൂണിറ്റിന്റെ പ്യൂരിഫിക്കേഷൻ ചേമ്പറിലെ മലിനജലം ഒഴിവാക്കുന്നതിനാവശ്യമായ ടാങ്കും അടിയന്തിരമായി നിർമ്മിക്കേണ്ടതാണ്.

(6) ശ്മശാനത്തിന്റെ സൂക്ഷിപ്പും നടത്തിപ്പും സംബന്ധിച്ച് തയ്യാറാക്കിയ കരട് നിയമാവലിക്ക് സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും, വ്യക്തമായ മാനദണ്ഡങ്ങളുടെയും കരാർ ഉടമ്പടിയുടെയും അടിസ്ഥാനത്തിൽ മാത്രമാണ് ശ്മശാനത്തിന്റെ സൂക്ഷിപ്പ് ചുമതലയും നടത്തിപ്പ് ചുമതലയും കൈമാറുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും, അപാകതകൾ പരിഹരിച്ച് രേഖകൾ സഹിതം അറിയിക്കേണ്ടതുമാണ്.

## 1-19 തോടുകളുടെ സംരക്ഷണ പ്രവർത്തികൾ - സുസ്ഥിര മാർഗ്ഗങ്ങൾ സ്വീകരിക്കുന്നില്ല

ഓഡിറ്റ് വർഷം കക്കോടി ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി തോടുകളുടെ സംരക്ഷണത്തിനു വേണ്ടി 5 സ്പിൽഓവർ പ്രൊജക്റ്റുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റ് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 199/23-24, | 5,00,000 | 0 |

| ക്രമ നം. | പ്രൊജക്റ്റ് | അടങ്കൽ | ചെലവ് |
|---|---|---|---|
| | കക്കോടി കാരാട്ട്താഴം തോട് | | |
| 2 | 202/23-24,<br>നെല്ലുവയൽ - പയ്യപ്പള്ളി തോട് | 15,00,000 | 0 |
| 3 | 203/23-24,<br>കൊല്ലേരിത്താഴം - പുളിബസാർ തോട് | 10,00,000 | 0 |
| 4 | 204/23-24,<br>പീച്ചങ്ങാലിത്താഴം തോട് നവീകരണം | 13,35,200 | 0 |
| 5 | 216/23-24,<br>പീച്ചങ്ങാലിത്താഴം തോട് | 13,00,000 | 0 |
| | ആകെ | 56,35,200 | 0 |

മേൽപ്പറഞ്ഞവയിൽ ക്രമ നം. 4,5 എന്നിവയിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ഫണ്ടും, ശേഷിക്കുന്നവയിൽ മറ്റുള്ള ഫണ്ടുകളുമാണ് വകയിരുത്തിയിട്ടുള്ളത്. പ്രൊജക്റ്റുകളിലൊന്നിലും 2023-24 സാമ്പത്തിക വർഷത്തിൽ ചെലവില്ല. എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം തോടുകളുടെ വശങ്ങൾ കെട്ടിസംരക്ഷിച്ച് വെള്ളത്തിന്റെ സുഗമമായ ഒഴുക്ക് സാധ്യമാക്കുകയാണ് ഈ പ്രൊജക്ടുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്. വശങ്ങൾ കരിങ്കൽ കെട്ടായതിനാൽ DR പേക്കിംഗ്, DR മേസൺറി, ബെൽറ്റിനായുള്ള കോൺക്രീറ്റിംഗ് തുടങ്ങിയ ഇനങ്ങളാണ് പ്രധാനമായും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രൊജക്ടുകളുടെ ആവശ്യകത, രൂപീകരണം, നിർവ്വഹണം എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന വസ്തുതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

ബേസിക്, ടൈഡ് എന്നീ ഇനങ്ങളിലാണ് സ്ഥാപനത്തിന് ധനകാര്യകമ്മീഷൻ ഗ്രാന്റ് ലഭിക്കുന്നത്. ബേസിക് ഗ്രാന്റ് വികസനഫണ്ട് ചെലവഴിക്കുന്ന എല്ലാ കാര്യങ്ങൾക്കും വിനിയോഗിക്കാമെങ്കിലും ടൈഡ് ഗ്രാന്റ് ശുചിത്വ മാലിന്യ സംസ്കരണ മേഖലയിലും, ജലസംരക്ഷണ പ്രവർത്തനങ്ങൾക്കും മാത്രമാണ് വിനിയോഗിക്കാനാവുക. ലഭിക്കുന്ന ടൈഡ് ഫണ്ടിന്റെ അമ്പതു ശതമാനം വീതം ഈ രണ്ട് മേഖലയിലും വിനിയോഗിക്കേണ്ടതും എന്നാൽ ഇതിൽ ഒരു വിഭാഗത്തിന്റെ ലക്ഷ്യം സമ്പൂർണ്ണമായാൽ ആ വിഭാഗത്തിലെ വിഹിതം മറ്റേ വിഭാഗത്തിന് വിനിയോഗിക്കാവുന്നതുമാണെന്ന് ഫണ്ട് വിനിയോഗ മാർഗ്ഗരേഖയിൽ വ്യക്തമാക്കുന്നുണ്ട്.

എന്നാൽ ടൈഡ് ഫണ്ട് വകയിരുത്തി ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കിയ മേൽ പ്രൊജക്ടുകൾ സർക്കാർ നല്കിയ നിർദ്ദേശങ്ങൾ പാലിക്കാതെയും വിഭവങ്ങളുടെ ശരിയായ വിനിയോഗം ഉറപ്പ് വരുത്താതേയുമാണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് കാണുന്നു. 19.04.2022 തീയതിയിൽ സർക്കാർ പുറപ്പെടുവിച്ച 84/2022/തസ്വഭവ നമ്പർ പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ ജല സംരക്ഷണ സാങ്കേതിക സമിതി തയ്യാറാക്കിയ നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കിയാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്ലാനിന്റെ ഭാഗമായി ഏറ്റെടുക്കേണ്ട പ്രവൃത്തികളുടെ മുൻഗണനാക്രമവും പ്രവൃത്തികളുടെ സ്വഭാവവുമനുസരിച്ച്, സംയോജിപ്പിക്കേണ്ട വകുപ്പുകളേയും വിഭവ സ്രോതസ്സുകളേയും ഉൾപ്പെടുത്തി ഒരു കൺവർജൻസ് പ്ലാൻ

തയ്യാറാക്കാനും അത് അടിസ്ഥാനപ്പെടുത്തി മാത്രം എൻ.ആർ.ഇ. ജി.എസ് വാർഷിക കർമ്മപദ്ധതിയും, സ്ഥാപനത്തിന്റെ മണ്ണ്-ജലസംരക്ഷണ പദ്ധതികളും തയ്യാറാക്കണമെന്നും ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള മാസ്റ്റർ പ്ലാൻ ഗ്രാമപഞ്ചായത്ത് തലത്തിലാണ് തയ്യാറാക്കേണ്ടത്. എന്നാൽ മേൽപ്പറഞ്ഞ പ്രൊജക്റ്റുകൾ ഇത്തരം മാസ്റ്റർ പ്ലാനുകളെ അടിസ്ഥാനപ്പെടുത്താത്തതും കൃഷി, മണ്ണ് ജലസംരക്ഷണ വർക്കിംഗ് ഗ്രൂപ്പിൽ നിന്നും ഉയർന്നുവന്ന ശുപാർശകളുടെ അടിസ്ഥാനത്തിലല്ലാത്തതുമാണ്.

ആസൂത്രണ മാർഗ്ഗരേഖ പ്രകാരം താഴെ കൊടുത്ത കാര്യങ്ങൾ ജലസംരക്ഷണ പ്രവർത്തനങ്ങളായി പ്രധാനമായും ഏറ്റെടുക്കാവുന്നതാണ്.

എ) ജല സ്രോതസ്സുകളുടെ വിവരശേഖരണവും ഡാറ്റാ സൂക്ഷിക്കുന്ന പ്രവർത്തനങ്ങളും നടത്തൽ

ബി) ഡാറ്റാ പ്രകാരമുള്ള ജല സ്രോതസ്സുകൾ കൈയ്യേറ്റം ചെയ്യുന്നില്ലെന്ന് ഉറപ്പു വരുത്തൽ

സി) ജല സ്രോതസ്സുകൾ വീണ്ടെടുക്കൽ, വീണ്ടെടുത്തവയുടെ സംരക്ഷണവും ഉപയോഗവും ഉറപ്പുവരുത്തൽ

ഡി) നീർച്ചാലുകളുടെ പരിപാലനം, നീരൊഴുക്ക് ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നീർമറികൾ ഉൾപ്പടെയുള്ള ജലസംരക്ഷണ പ്രവൃത്തികൾ

ഇ) ശാസ്ത്രീയ പഠനത്തിന്റെ അടിസ്ഥാനത്തിൽ തടയണ/റഗുലേറ്റർ ശൃംഖല പണിത് പുഴകളെ ജലസംഭരണികളാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ

എഫ്) ജല സ്രോതസ്സുകളിൽ അമിതമായി അടിഞ്ഞു കൂടുന്ന എക്കൽ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ

ജി) ഇനി ഞാൻ ഒഴുകട്ടെ മാതൃകയിൽ സമയബന്ധിത കാമ്പയിനുകൾ സംഘടിപ്പിക്കൽ

എച്ച്) ഐ ടി മിഷന്റെ മാപ്പത്തോൺ ശക്തിപ്പെടുത്തി ജലസ്രോതസ്സുകളെ ജിയോ റഫറൻസ് ചെയ്യുന്ന പ്രവർത്തനം

മേല്പറഞ്ഞതിൽ ക്രമ നമ്പർ (ഡി) യിൽ പരാമർശിച്ച നീരൊഴുക്ക് ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനം എന്ന തരത്തിലാണ് തോട് സംരക്ഷണ പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതെന്ന് കാണുന്നു. ഇക്കാര്യത്തിന് അവലംബിച്ച രീതി പരിസ്ഥിതി സൗഹൃദമല്ലാത്തതും ചെലവേറിയതും, തോടുകളുടെ സ്വാഭാവിക ആവാസ വ്യവസ്ഥയ്ക്ക് പ്രതികൂലമായതുമാണെന്ന് കാണാം. കയർ കൊണ്ടുള്ള ഭൂവസ്ത്രം ഉൾപ്പടെയുള്ള പ്രകൃതി സൗഹൃദവും ചെലവു കുറഞ്ഞതുമായ മാർഗ്ഗങ്ങൾ ഉണ്ടായിരിക്കെയാണ് പരിമിത വിഭവങ്ങളായ ധനസ്രോതസ്സും കരിങ്കൽ പോലുള്ള നിർമ്മാണവസ്തുക്കളും നിർലോഭമായി ഉൾപ്പെടുത്തി പ്രൊജക്റ്റുകൾ തയ്യാറാക്കിയിരിക്കുന്നത്. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തോട് സംരക്ഷണത്തിന് കയർ ഭൂവസ്ത്രം ഉൾപ്പെടെയുള്ള പ്രകൃത്യായുള്ള മാർഗ്ഗങ്ങൾ മാത്രമാണ് ഉപയോഗിക്കാവുന്നത് എന്നത് ഇവിടെ ശ്രദ്ധേയമാണ്. കരിങ്കൽ കെട്ട് അത്യാവശ്യമായ ഇടങ്ങളിൽ ഉപയോഗപ്പെടുത്താമെങ്കിലും അവ ഈ പ്രൊജക്റ്റുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കിയിട്ടില്ല. പ്രകൃതി വിഭവങ്ങളുടെ പരിമിതവും വിവേകപൂർണ്ണവുമായ വിനിയോഗം സുസ്ഥിരതയുടെ ആണിക്കല്ലാണ് എന്നിരിക്കെ ഇവയെ നിർലോഭം ഉപയോഗിച്ച് പരിമിതമായ ധനസ്രോതസ്സ് വിനിയോഗിക്കുന്നതിന്റെ കാരണം വ്യക്തമല്ല. തോടുകളുടെ വശങ്ങളിലുള്ള ഭൂവുടമകൾക്ക് മാത്രമാണ് ഇത് കൊണ്ട് ഗുണമുണ്ടാകുന്നുള്ളുവെന്നതും ശ്രദ്ധേയമാണ്.

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/2023-24 തീയതി 20.11.2024) മറുപടി ലഭിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും, തോട് സംരക്ഷണ പ്രൊജക്റ്റുകളിൽ സുസ്ഥിര മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതുമാണ്.

## 1-20 സിമന്റിന് പരമാവധി വിലയേക്കാൾ ഉയർന്ന നിരക്ക് നൽകുന്നു

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ മെറ്റീരിയലുകൾ സമാഹരിക്കുന്നതിനായി ഓരോ പ്രവൃത്തിക്കും പ്രത്യേകം ടെണ്ടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. സാമ്പത്തിക വർഷം ആവശ്യമായി വന്നേക്കാവുന്ന സാധന സാമഗ്രികളുടെ ആകെ അളവ് തിട്ടപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടി സ്വീകരിക്കാതെ ഓരോ പ്രവൃത്തിക്കും വെവ്വേറെ സമാഹരണ നടപടികൾ സ്വീകരിച്ചിട്ടുള്ളതിനാൽ വാങ്ങലുകൾ ലാഭകരമായിട്ടില്ല. മിക്ക പ്രവൃത്തികളിലും സിമന്റിന് എസ്റ്റിമേറ്റ് നിരക്കായ 576/- രൂപ നിരക്കിലാണ് കരാറുകാർക്ക് തുക അനുവദിച്ചിട്ടുള്ളത്.

സെക്യൂർ സോഫ്റ്റ്‌വെയറിലെ സിമന്റിന്റെ നിരക്ക് പ്രാദേശിക വിപണി വിലയേക്കാൾ (Local Market Rate - LMR) കൂടുതലായതിനാലും, സിമന്റ് പരമാവധി റീട്ടെയിൽ വില (Maximum Retail Price - MRP) രേഖപ്പെടുത്തി പാക്ക് ചെയ്ത് വിൽക്കപ്പെടുന്ന ഉത്പന്നമായതിനാലും എം.ആർ.പി യിൽ അധികരിച്ച തുക കരാറുകാർക്ക് അനുവദിക്കരുതെന്ന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.08.2022 ലെ കത്തിലും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആലപ്പുഴ ജില്ലാ ഓംബുഡ്സ്മാന്റെ 08.07.2022 ലെ നടപടിക്രമത്തിലും പരാമർശിച്ചിട്ടുണ്ട്. സിമന്റിന്റെ പരമാവധി മാർക്കറ്റ് നിരക്ക് 430/- രൂപയാണെന്ന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.08.2022 ലെ കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. 01.01.2024 മുതൽ 31.03.2024 വരെയുള്ള കാലയളവിലെ കോഴിക്കോട് ജില്ലയിലെ സിമന്റിന്റെ ലോക്കൽ മാർക്കറ്റ് നിരക്ക് ടണ്ണിന് 9307/- രൂപയാണ്. അതു പ്രകാരം 50 കിലോഗ്രാം ബാഗിന്റെ പരമാവധി മാർക്കറ്റ് നിരക്ക് 465/- രൂപ മാത്രമാണ്.

വ്യക്തിഗത ഗുണഭോക്താക്കൾക്കായി തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പാക്കിയ കോഴിക്കൂട് നിർമ്മാണം എന്ന പദ്ധതിയിൽ (വർക്ക് കോഡ് 1604002002/IF/913930) 7ാം വാർഡിലെ രജനി.കെ എന്ന ഗുണഭോക്താവ് തുക അനുവദിക്കുന്നതിനായി ഹാജരാക്കിയ ആഷർ ഏജൻസി, കമാരസ്വാമി എന്ന സ്ഥാപനത്തിന്റെ 04.03.2023 ലെ KUM 108 നമ്പർ ഇൻവോയ്സ് പ്രകാരം സിമന്റിന് ബാഗൊന്നിന് ജി.എസ്.ടി ഉൾപ്പെടെ 360/- രൂപയാണ് ഉള്ളത്. മേൽ സാഹചര്യത്തിലാണ് 50 കിലോ ബാഗിന് 576/- രൂപ നിരക്കിൽ വരെ തുക അനുവദിച്ചിട്ടുള്ളത്. സെക്യൂർ സോഫ്റ്റ്‌വെയറിൽ 2023-24 മുതൽ 2024-25 കാലയളവിൽ സിമന്റിന്റെ നിരക്കിൽ കുറഞ്ഞത് രണ്ട് തവണയെങ്കിലും വർദ്ധനവ് വരുത്തി എന്നത് ശ്രദ്ധേയമാണ്. സിമന്റിന്റെ നിരക്ക് പരിമിതപ്പെടുത്തുന്നതിന് മിഷൻ ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ച സാഹചര്യത്തിലും എസ്റ്റിമേറ്റ് നിരക്ക് ടണ്ണിന് 11,952/- രൂപയായി വർദ്ധിപ്പിച്ചത് അംഗീകരിക്കാനാവില്ല.

വാർഡ്- 4 ലെ ഗവർമ്മെണ്ട് യു.പി സ്കൂൾ-തൈക്കണ്ണിത്താഴം റോഡ് (വർക്ക് കോഡ് 604002002/RC/385569) എന്ന പ്രവർത്തിയിൽ 561/- രൂപ നിരക്കിലും, വാർഡ്- 1 ലെ

മക്കടോൽ-പുളിയലാറമ്പത്ത് കയർ സൊസൈറ്റി റോഡ് (വർക്ക് കോഡ് 604002002/RC/336706), വാർഡ്- 14 ലെ ചാലിൽത്താഴം പൊറ്റമ്മൽ മനമ്പത്ത് പാതത് വേ (വർക്ക് കോഡ് 604002002/RC/359501) എന്നീ പ്രവൃത്തികളിൽ കരാറുകാരന് 576/- രൂപ നിരക്കിലും സിമന്റിന് തുക അനുവദിച്ചിട്ടുണ്ട്. ബില്ലുകളിൽ വിതരണം ചെയ്ത സിമന്റിന്റെ ബ്രാൻഡ്, ഗ്രേഡ്, എം.ആർ.പി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കരാർ ഒപ്പുവെച്ച കാലയളവിൽ മേൽപ്പറഞ്ഞ ഉത്തരവുകളിലെയും സർക്കുലറിലെയും നിർദ്ദേശങ്ങൾ പ്രസക്തമായിരിക്കെ സിമന്റിന്റെ വില മാർക്കറ്റ് നിരക്കിൽ പരിമിതപ്പെടുത്തുന്നതിലുണ്ടായ വീഴ്ചക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 27/2023-24 തീയതി 21.11.2024) മറുപടി ലഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും, അപാകത ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. കൂടാതെ കരാറുകാർക്ക് തുക നൽകുന്ന നടപടി പൂർത്തിയാകാത്ത മറ്റ് പ്രവൃത്തികളുടെ കാര്യത്തിൽ ലോക്കൽ മാർക്കറ്റ് നിരക്കിൽ തുക പരിമിതപ്പെടുത്തി നൽകുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതുമാണ്.

## 1-21 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗവിവരം ലഭ്യമാക്കാത്തത് - സംബന്ധിച്ച്

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവ് തുക | ബിൽ/ബിൽ സാങ്ഷൻ നം. & തീയതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക ഡെപ്പോസിറ്റ് ചെയ്യപ്പെട്ട സ്ഥാപനം |
|---|---|---|---|---|---|---|
| 1 | 16/24 | ആനിമൽ ബർത്ത് കൺട്രോൾ | 1,00,000 | 23160352 02130115OO45/ 01.02.24 | വെറ്റിനറി സർജ്ജൻ | ജില്ലാ പഞ്ചായത്ത് |
| 2 | 3/24 | ഐ.കെ.എം. ന് വിഹിതം നൽകൽ | 1,42,208 | 89/26.07.23 (132238/-) 90/26.07.23 (9970/-) | സെക്രട്ടറി | ഐ.കെ.എം. |
| 3 | 53/24 | സമ്പൂർണ്ണ ക്യാൻസർ കെയർ | 50,000 | 677/26.03.24 | സെക്രട്ടറി | ജില്ലാ പഞ്ചായത്ത് |
| 4 | 119/24 | പൂവണത്ത് കനാൽ പാലം പ്രവൃത്തി | 6,50,000 | 572/26.03.24 (3,00,000/-) 563/26.03.24 (75,000/-) 198/09.05.24 (2,75,000/-) | സെക്രട്ടറി | പേരാമ്പ്ര കെ.വൈ.ഐ.പി. സബ് ഡിവിഷൻ |
| 5 | 51/24 | തലകുളത്തൂർ ടെക്നോളജിക്കൽ | 50,000 | 23160352 02200097574/ | വി.ഇ.ഒ. | ജില്ലാ പഞ്ചായത്ത് |

| | | ഇൻക്യുബേഷൻ സെന്റർ വിഹിതം | | 20.01.24 | | |
|---|---|---|---|---|---|---|

ക്രമ നം. 1 പ്രകാരമുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി, വിശദാംശങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

ക്രമ നം. 2, 3 എന്നീ പ്രവൃത്തികളുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.

ക്രമ നം.4 ൽ പേരാമ്പ്ര കെ.വൈ.ഐ.പി. സബ്ഡിവിഷൻ കാര്യാലയത്തിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ പൂർത്തീകരണ കാലാവധിയും സ്ഥാപനവുമായി കരാർ ചമച്ചതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തിയുടെ വിനിയോഗ പൂർത്തീകരണ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

ക്രമ നം.5 പ്രകാരമുള്ള ഡെപ്പോസിറ്റ് പ്രവൃത്തിയുടെ കൈപ്പറ്റ് വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

മേൽ ചേർത്ത ന്യൂനതകൾ പരിഹരിച്ച് അറിയിക്കേണ്ടതാണ്.

ക്രമ നം.1 മുതൽ 5 വരെയുള്ള ചെലവ് തുകകൾ രേഖകളുടെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു.

## 1-22 ലൈഫ് ഭവന പദ്ധതി - ആദ്യ ഗഡു തുക കൈപ്പറ്റിയിട്ടും തുടർപ്രവൃത്തി നടത്തിയിട്ടില്ല.

വി.ഇ.ഒ നിർവ്വഹണം നടത്തുന്ന ലൈഫ് ഭവനപദ്ധതി (എസ്.സി) യുമായി ബന്ധപ്പെട്ട് (പ്രൊജക്ട് നം. 29/24) സൂക്ഷിച്ചുവരുന്ന രജിസ്റ്റർ പരിശോധിച്ചതിൽ 2021-22, 2022-23 വർഷങ്ങളിലെ ലൈഫ് ഭവനപദ്ധതി (എസ്.സി.) ഗുണഭോക്താക്കളായ ശ്രീമതി. സീന, പെരുള്ളിമീത്തൽ (6.6.23), ശ്രീമതി. സൂര്യ, പാടികയിൽ (8.3.23), ലക്ഷ്മി, പിലാത്തോട്ടത്തിൽ (2023-24) (6.5.23), ശ്രീമതി. സന്ധ്യ, തൈക്കണ്ടിപറമ്പ് (8.3.23) എന്നിവർക്ക് ആദ്യ ഗഡു തുകയായി 40,000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ആദ്യഗഡുവായി അനുവദിച്ചിട്ടുള്ള തുകയുള്ള പ്രവൃത്തികളും തുടർന്നുള്ള പ്രവൃത്തികളും ഓഡിറ്റ് തിയ്യതി വരെയും ഗുണഭോക്താക്കൾ നടത്തിയതിന്റെ രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടില്ല. പ്രവൃത്തി നടത്താത്തതിനുള്ള കാരണവും, ഈ വിഷയത്തിന്മേൽ സ്വീകരിച്ച തുടർനടപടി വിവരങ്ങളും അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. [ഓഡിറ്റ് എൻക്വയറി നം 24/20.11.24]

## 1-23 അതിദരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് യൂസർഫീ നൽകുന്നത് സംബന്ധിച്ച്.

പ്രൊജക്ട് നം. 313/24

അടങ്കൽ : 40,000/- (തനത് ഫണ്ട്)

ഹരിതകർമ്മസേന വഴി പഞ്ചായത്തിലെ വീടുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിനായി വാങ്ങുന്ന യൂസർ ഫീ അതിദരിദ്ര വിഭാഗങ്ങൾക്ക് ഒഴിവാക്കുന്നതിനായും സേനക്ക് പ്രസ്തുത ഫീസിനത്തിലെ നഷ്ടം നികത്തുന്നതിനുമായാണ് പദ്ധതി വിഭാവനം ചെയ്തത്. 114 കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന പ്രൊജക്ടിന് ഓഡിറ്റ് വർഷം തനത് ഫണ്ടിൽനിന്നും 40000/- രൂപയേ വകയിരുത്തിയിരുത്തിയിട്ടുള്ളുവെങ്കിലും പ്രസ്തുത തുക പോലും ഉപയോഗപ്പെടുത്താൻ നിർവ്വഹണ ഉദ്യോഗസ്ഥന് കഴിഞ്ഞിട്ടില്ല. അംഗീകാരം ലഭിച്ച് വകയിരുത്തിയ തുക ഒരു വർഷത്തിലധികമായി പ്രയോജനപ്പെടുത്താതിരുന്നതിന് കാരണം

അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/20.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 എം.സി.എഫിലേക്ക് ബെയ്‌ലിംങ് മെഷീൻ വാങ്ങൽ - പ്രൊജക്റ്റ് നിർവ്വഹണത്തിലെ ന്യൂനതകൾ .

പ്രൊജക്റ്റ് നം : 310/24

അടങ്കൽ : 5,00,000/- [350000/- (കേന്ദ്രാവിഷ്കൃതഫണ്ട്), 150000/- (തനത്ഫണ്ട്)]

ചെലവ് : 230867/-, 98943/- (തനത് ഫണ്ട്)

ബിൽ സാങ്ഷൻ നമ്പർ : 573/23.03.2024 (230867/-), 577/23.03.2024 (98943/-)

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി.

ഗ്രാമപഞ്ചായത്തിന്റെ എം.സി.എഫിലേക്ക് ബെയിലിംഗ് മെഷീൻ വാങ്ങുന്നതിനാണ് മേൽ പ്രൊജക്റ്റ് വിഭാവനം ചെയ്തിട്ടുള്ളത്. ആയതിനായി 15.02.24 തീയതിയിൽ എസ്.സി. 2-3565/22 നമ്പർ പ്രകാരം ഇ-ടെണ്ടർ ക്ഷണിച്ച് അതിൽ കുറവ് തുക ക്വാട്ട് ചെയ്ത (329810/-) ആലുവയിലെ 'പ്രകൃതി'എന്ന സ്ഥാപനത്തിൽ നിന്നും ബെയ്‌ലിംങ് മെഷീൻ വാങ്ങുകയും ചെയ്തിട്ടുണ്ട് (InvNo.125/3.3.24). പദ്ധതി നിർവ്വഹണത്തിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു .

1) സർക്കാർ ഉത്തരവ് [ജി(ഒപി)7/19/എസ് പി ഡി തീയതി.26.4.2019] പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25,000/- രൂപക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും 'ജെം' പോർട്ടൽ മുഖേന നടത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും എം.സി.എഫിലേക്ക് ആവശ്യമായ ബെയിലിംങ് മെഷിൻ ജെമിൽ നിന്നും വാങ്ങാത്തതിന്റെ കാരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/21.11.2024) ജെം പോർട്ടലിൽ പ്രസ്തുത മെഷീൻ ലഭ്യമല്ല എന്നാണ് മറുപടി നൽകിയിട്ടുള്ളത്. പഞ്ചായത്ത് വാങ്ങിയ സ്പെസിഫിക്കേഷനിലുള്ള ബെയിലിങ്ങ് മെഷീൻ ഉൾപ്പെടെ നൂറിലധികം മെഷീനുകൾ വിവിധ വിലകളിൽ ജെമ്മിൽ ലഭ്യമാണെന്നത് പരിഗണിച്ചും, കേരളത്തിലെ വിവിധ തദ്ദേശ സ്ഥാപനങ്ങൾ ബെയിലിംഗ് മെഷീനുകൾ ജെമിൽ നിന്നും വാങ്ങിവരുന്ന സാഹചര്യത്തിലും തുടർന്നുള്ള വാങ്ങലുകളിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള രീതി അവലംബിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2) ബെയിലിംങ് മെഷീൻ ലഭ്യമാക്കിയ കമ്പനിയുമായി കരാർ ചമച്ച രേഖകൾ പരിശോധിച്ചതിൽ കരാർ തീയതിയായ 01.03.2024 മുതൽ 12 മാസം ആണ് വാറണ്ടി കാലാവധിയെന്നിരിക്കെ എട്ടരമാസം കഴിഞ്ഞിട്ടും മെഷീൻ പ്രവർത്തിപ്പിക്കാനായിട്ടില്ല. കൂടാതെ രണ്ടാം കക്ഷിയായ അന്നത്തെ പഞ്ചായത്ത് സെക്രട്ടറി കരാറിൽ ഒപ്പ് വെക്കാത്തതിനാൽ കരാറിന് നിയമസാധുതയുമില്ല എന്ന് കാണുന്നു. കരാറിൽ ആവശ്യമായ വിവരങ്ങൾ ചേർക്കാതെ അപൂർണ്ണമായാണ് തയ്യാറാക്കിയിട്ടുള്ളത് (ഉദാ : ഒന്നാം പേജിൽ 11, 12, 13 എന്നീ വരികൾ കാണുക). നിയമപരമായ കരാർ ചമക്കാത്തതിനാൽ വാങ്ങിയ സാധനത്തിന്റെ ഗ്യാരണ്ടി/വാറണ്ടി കാലാവധി തീരാൻ മൂന്നരമാസം ശേഷിക്കെ മെഷീന്റെ മെയിന്റനൻസ് ഉറപ്പാക്കാൻ കഴിയാതെ വരുന്നതും ഇത് തുടർപ്രവർത്തനത്തെ വർഷങ്ങളോളം ബാധിക്കാൻ സാധ്യതയുള്ളതുമാണ് .

3) 11.3.2024 – തീയതിയിൽ പ്രസ്തുത മെഷീൻ സ്ഥാപിച്ചതായുള്ള രേഖ സാക്ഷ്യപ്പെടുത്തിയത് ഫയലിലുണ്ട്. എന്നാൽ ആയത് പ്രവർത്തനസജ്ജമാകാതിരുന്നതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നൽകിയ മറുപടിയിൽ രണ്ട് മാസം അസിസ്റ്റന്റ് എഞ്ചിനിയർ ഇല്ലാത്തതിനാലും ഓവർസിയർക്ക് ചാർജ് ആയതിനാലും, ത്രീ ഫേസ് വൈദ്യുതി കണക്ഷൻ ലഭ്യമാക്കാനാകാത്തതിനാലുമാണ് മെഷീൻ പ്രവർത്തിപ്പിക്കാനാകാതിരുന്നത് എന്ന് സെക്രട്ടറി അറിയിച്ചു.

ഭൗതിക സാഹചര്യങ്ങളുടെ പര്യാപ്തത ഉറപ്പാക്കാതെ ബെയ്‌ലിംങ് മെഷീൻ സ്ഥാപിച്ചതിനും മേൽ ചേർത്ത മറ്റ് അപാകതകൾക്കും മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-25 പെണ്ണാട് വിതരണ പദ്ധതി - ചത്തുപോയ ആടുകളുടെ വിവരങ്ങൾ ലഭ്യമല്ല

നിർവ്വഹണം. വെറ്റിനറി സർജൻ

പദ്ധതി നം. 44/24 (വികസനം-ജനറൽ)

അടങ്കൽ, ചെലവ് : 186000/-(വികസനം-ജനറൽ)

മേൽ പദ്ധതി പ്രകാരം 31 പേർക്ക് വിതരണം ചെയ്ത പെണ്ണാടുകളിൽ ചത്തുപോയ ആടുകളുടെ വിവരങ്ങളും ആയത് ഇൻഷ്വർ ചെയ്തതിന്റെ വിവരങ്ങളും ലഭ്യമല്ല. മുഴുവൻ ഗുണഭോക്താക്കളും ആടുകളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകളും ഫയലിൽ ലഭ്യമല്ല. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/20.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ആടുകളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-26 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിതകർമ്മസേന പ്രവർത്തനാവലോകനം

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള നാല് വികസന മിഷനുകളിൽ ഉൾപ്പെടുന്നതാണ് ഹരിതകേരളം മിഷൻ. ഹരിതകേരളം മിഷന്റെ ഉപദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വ മാലിന്യ സംസ്കരണം. ശാസ്ത്രീയ മാലിന്യപരിപാലനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സുസ്ഥിരമാക്കുക എന്നുള്ളതാണ് ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചു കൊണ്ട് 15.07.2017 ലെ സ.ഉ(സാധാ) 2420/2017/തസ്വഭവ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണം, അജൈവമാലിന്യം ശേഖരിച്ച് സംഭരിച്ച് റീസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യൽ, അതിനൊക്കെ സഹായകമായ പൊതുജന സൗഹൃദ ആസ്തികളുടെ നിർമ്മാണം എന്നിവ വഴി കേരളം രാജ്യത്തിന് മാതൃകയാകത്തക്ക വിധത്തിൽ മാലിന്യമുക്തമാക്കുക എന്നുള്ളതാണ് പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിലൂടെ ലക്ഷ്യമിടുന്നത്. അതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മസേന.

ഹരിത കർമ്മസേനയുടെ വിശദമായ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ചു കൊണ്ട് 12.08.2020 ലെ സ.ഉ(സാധാ) 1496/2020/തസ്വഭവ നമ്പരായി സർക്കാർ തുടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹരിതകർമ്മസേന രൂപീകരണം, ഹരിതസേനാംഗങ്ങളുടെ തെരഞ്ഞെടുപ്പ്, പരിശീലനം, മാലിന്യ ശേഖരണം, സംഘടനാ സംവിധാനം, സാരംഭ പ്രവർത്തനം,

കൺസോർഷ്യം രൂപീകരണം, സാമ്പത്തിക സ്രോതസ്സ്, അക്കൗണ്ടുകൾ/യൂസർഫീ കൈകാര്യം ചെയ്യുന്ന രീതി, കോർപ്പസ് ഫണ്ട്, മറ്റു വരുമാന മാർഗ്ഗങ്ങൾ, ഓഫീസ് സംവിധാനം, കണക്കെഴുത്ത്, ഓഡിറ്റ്, തൊഴിൽ മാന്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ, പരാതി പരിഹാരം, ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ചുമതലകൾ എന്നിവയെക്കുറിച്ചെല്ലാം പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കക്കോടി ഗ്രാമപഞ്ചായത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെയും, ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യ സംസ്കരണ സംവിധാനത്തെയും സംബന്ധിച്ച് 2023-24 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി പരിശോധിക്കുകയുണ്ടായി. പരിശോധനഫലമായുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

1) അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വാർഡുകളുടെ എണ്ണം | 21 |
| ജനസംഖ്യ (2011 സെൻസസ് പ്രകാരം) | 42866 |
| ആകെ വീടുകൾ (സഞ്ചയ പ്രകാരം) | 14142 |
| ആകെ വാസേതര കെട്ടിടങ്ങൾ (സഞ്ചയ പ്രകാരം) | 2875 |
| ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം | 32 |

2) ഹരിത കർമ്മസേന

കക്കോടി ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന പ്രവർത്തനം ആരംഭിച്ചത് 2019 അവസാനത്തോട് കൂടി മാത്രമാണ്. ഹരിത കർമ്മസേന കുടുംബശ്രീയുടെ കീഴിൽ കൺസോർഷ്യമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

3) മാലിന്യ ശേഖരണം

നിലവിൽ മുൻകൂട്ടി തയ്യാറാക്കിയ കലണ്ടറിന്റെ അടിസ്ഥാനത്തിൽ എല്ലാ മാസവും ഹരിത കർമ്മസേനാംഗങ്ങൾ മാലിന്യശേഖരണം നടത്തി വരുന്നുണ്ട്. വീടുകളിൽ നിന്ന് ചാക്കൊന്നിന് 50/- രൂപയും കടകളിൽ നിന്ന് 100/- രൂപയുമാണ് ഈടാക്കി വരുന്ന യൂസർ ഫീ.

4) മാലിന്യ ശേഖരണ കാര്യക്ഷമത

2023 മാർച്ച് മാസത്തിലും, 2024 മാർച്ച് മാസത്തിലും യൂസർഫീ പിരിച്ചെടുക്കപ്പെട്ട കെട്ടിടങ്ങളെ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| 2023 മാർച്ച് മാസം | | 2024 ഫെബ്രുവരി മാസം | |
|---|---|---|---|
| വീടുകൾ | കെട്ടിടങ്ങൾ | വീടുകൾ | കെട്ടിടങ്ങൾ |
| യൂസർ ഫീ പിരിച്ചെടുക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണം | | | |
| 2832 | 48 | 2705 | 64 |
| പിരിച്ചെടുത്ത ആകെ യൂസർ ഫീ | | | |
| 193750 | 4800 | 1,35,500 | 6500 |

യൂസർ ഫീ നൽകാൻ കഴിവില്ലാത്ത 114 കുടുംബങ്ങൾ ഗ്രാമപഞ്ചായത്തിൽ ഉണ്ട്. ഇവരുടെ യൂസർ ഫീ ഹരിതകർമ്മസേനയ്ക്ക് നൽകുന്നതിനുള്ള പ്രൊജക്ട് ഗ്രാമപഞ്ചായത്ത് 2023-24 സാമ്പത്തിക വർഷം ആവിഷ്കരിച്ചെങ്കിലും നടപ്പാക്കിയിട്ടില്ല. (പ്രൊജക്ട് നം. 313 /23-24,

നിർവ്വഹണം -വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, (അടങ്കൽ - 40,000/- തനതുഫണ്ടിൽ വകയിരുത്തിയെങ്കിലും ചെലവ് ഇല്ല)

മാലിന്യ ശേഖരണ-നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ സ്മാർട്ട് ഗാർബേജ് മോണിട്ടറിങ്ങ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ക്യൂ.ആർ കോഡ് പതിച്ച കെട്ടിടങ്ങളുടെ വിശദാംശം താഴെ ചേർക്കുന്നു.

| വീടുകൾ | കെട്ടിടങ്ങൾ |
|---|---|
| 12687 | 563 |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തിൽ യൂസർ ഫീ പിരിച്ചെടുക്കാൻ യോഗ്യമായ 14142 വീടുകളും, 2875 വാസേതര കെട്ടിടങ്ങളുമാണ് ഉള്ളത്. എന്നാൽ മേൽ പട്ടിക പരിശോധിച്ചാൽ യൂസർ ഫീ പിരിക്കാവുന്ന 1455 വീടുകളിലും 2312 വാസേതര കെട്ടിടങ്ങളിലും ക്യൂ.ആർ കോഡ് പതിക്കാൻ ശേഷിക്കുന്നുണ്ട് എന്ന് മനസ്സിലാവുന്നതാണ്. ഇക്കാര്യം പരിശോധിച്ച് യൂസർ ഫീ പിരിവിന് യോഗ്യമായ മുഴുവൻ കെട്ടിടങ്ങളിലും ക്യൂ.ആർ കോഡ് പതിച്ച് മാലിന്യശേഖരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മാലിന്യശേഖരണവുമായി ബന്ധപ്പെട്ട് ഹരിതകർമ്മസേന പിരിക്കുന്ന യൂസർ ഫീ കൈകാര്യം ചെയ്യുന്നതിനായി കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ കക്കോടി ശാഖയിലാണ് സേവിങ്ങ്സ് ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടുള്ളത് (അക്കൗണ്ട് നം. 163012801000958). അതേ ബാങ്കിൽ മറ്റൊരു അക്കൗണ്ട് ഇതിനായി ആരംഭിച്ചിട്ടുണ്ട് (നമ്പർ 163012181200132). മേൽ അക്കൗണ്ടുകളിലെ 31.03.2024 ലെ നീക്കിയിരിപ്പ് തുകകൾ യഥാക്രമം 8,36,858/- രൂപയും 1,36,000/- രൂപയുമാണ്. 2022-23, 2023-24 സാമ്പത്തിക വർഷം ഹരിത കർമ്മസേനയുടെ വരുമാനവും ചെലവുകളും സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | 2022-23 | 2023-24 |
|---|---|---|
| പിരിച്ചെടുത്ത യൂസർ ഫീ | 11,45,880 | 30,23,620 |
| സെഗ്രിഗേറ്റഡ് വേസ്റ്റിൽ നിന്നുള്ള വരുമാനം | 77,630 | 7,29,536 |
| സേനാംഗങ്ങൾക്ക് നൽകിയ വേതനം | 11,49,450 | 29,24,950 |

5) മാലിന്യ നീക്കം

ഹരിതകർമ്മസേന ശേഖരിക്കുന്ന തിരസ്കൃതമാലിന്യം നീക്കം ചെയ്യുന്നതിന് ഗ്രാമപഞ്ചായത്ത് ഓരോ വർഷവും ടെണ്ടർ വിളിച്ച് ഈ മേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികളുമായി കരാറിലേർപ്പെട്ടു വരുന്നുണ്ട്. ഓഡിറ്റ് വർഷം നേച്ചർ ഗാർഡ് എന്ന ഏജൻസിയായിരുന്നു മാലിന്യനീക്കത്തിന് ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിരുന്നത്. റിജക്റ്റഡ് വേസ്റ്റ് കിലോഗ്രാമിന് 4.50/- രൂപ നിരക്കിലാണ് അവർ നീക്കം ചെയ്തിരുന്നത്. 2024-25 സാമ്പത്തിക വർഷം "ഗ്രീൻ വേംസ് ഇക്കോ സൊല്യൂഷൻസ്" എന്ന ഏജൻസിയുമായാണ് ഗ്രാമപഞ്ചായത്ത് ഇക്കാര്യത്തിന് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. റിജക്റ്റഡ് വേസ്റ്റ് നീക്കം ചെയ്യുന്നതിനുള്ള തുക ഗ്രാമപഞ്ചായത്താണ് ഏജൻസികൾക്ക് നൽകി വരുന്നത്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം 2023-24 സാമ്പത്തിക വർഷം 375010 കിലോഗ്രാം റിജക്റ്റഡ് വേസ്റ്റ് നീക്കം ചെയ്യുകയും ആയതിന് ഗ്രാമപഞ്ചായത്ത് 16,87,545/- രൂപ നൽകുകയും ചെയ്തിട്ടുണ്ട്.

6) മാലിന്യ വേർതിരിവ് പാലിക്കലും റീസൈക്ലിങ്ങും

ഹരിതകർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ വച്ച് വീടുകളിൽ നിന്ന് തന്നെ ഒരു പ്രാഥമിക വേർതിരിവ് സേന നടത്തുന്നുണ്ട്. തുടർന്ന് എം.സി.എഫിൽ വച്ച് വിശദമായ വേർതിരിവ് നടത്തുകയും, പുനരുപയോഗ്യ മാലിന്യങ്ങൾ വിറ്റ് കയ്യൊഴിയുകയും, ശേഷിക്കുന്നവ മാലിന്യനീക്ക ഏജൻസിക്ക് നൽകുകയുമാണ് ചെയ്യുന്നത്

7) കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണം, അജൈവ മാലിന്യം ശേഖരിച്ച് സംഭരിച്ച് റീസൈക്ലിങ്ങ് മേഖലയ്ക്ക് കൈമാറ്റം ചെയ്യൽ എന്നിവ ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. അതിനായി മാലിന്യസംസ്കരണ രീതികളെക്കുറിച്ച് ബോധവത്കരണം നടത്തിയിട്ടുണ്ട്.

8) അടിസ്ഥാന സൗകര്യ വികസനം

ഹരിതകർമ്മസേനയ്ക്ക് യൂണിഫോമും മറ്റു സുരക്ഷാ ഉപകരണങ്ങളും ഗ്രാമപഞ്ചായത്ത് വാങ്ങി നൽകി വരുന്നുണ്ട്. വാർഡുകളിൽ നിന്ന് എം.സി.എഫിലേക്ക് മാലിന്യമെത്തിക്കുന്നതിനായി വാഹനം വാടകയ്ക്ക് എടുത്താണ് ഉപയോഗിച്ചു വന്നിരുന്നത്. നിലവിൽ രണ്ട് വാഹനങ്ങൾ (ത്രീ വീലർ KL-76-D 9353, 4 ചക്ര വാഹനം KL 76 D 8884) ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഓഡിറ്റ് വർഷം വാങ്ങിയിട്ടുണ്ട്.

9) മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി

9ാം വാർഡിലുള്ള മൂട്ടോളി എന്ന പ്രദേശത്താണ് ഗ്രാമപഞ്ചായത്തിന്റെ മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി (എം.സി.എഫ്) സ്ഥിതി ചെയ്യുന്നത്. എം.സി.എഫിനു വേണ്ട സൗകര്യങ്ങൾ ഗ്രാമപഞ്ചായത്ത് ഇവിടെ ഒരുക്കിയിട്ടുണ്ട്.

10) പരിശീലനവും വികസനവും

ഹരിതകർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അറിവും വർദ്ധിപ്പിക്കാനും തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കാനും വേണ്ട പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കിയതിന്റെ വിവരങ്ങൾ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇക്കാര്യം പരിശോധിച്ച് ഉറപ്പു വരുത്താനായിട്ടില്ല.

11) പ്രവർത്തന അവലോകനം

ഹരിതകർമ്മസേനയുടെ പ്രവർത്തനം പ്രതിമാസ യോഗങ്ങളിലൂടെ ഗ്രാമപഞ്ചായത്ത് അവലോകനം ചെയ്ത് വരുന്നുണ്ട്. അസിസ്റ്റന്റ് സെക്രട്ടറി, മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനു മാത്രമായി ഡെപ്യൂട്ടേഷനിൽ നിയമിതയായ ജൂനിയർ സൂപ്രണ്ട്, ഗ്രാമപഞ്ചായത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവർ ഹരിത കർമ്മസേന പ്രവർത്തനത്തിന് മേൽനോട്ടം വഹിച്ചു വരുന്നുണ്ട്.

12) ഓഡിറ്റ് നിഗമനവും നിർദ്ദേശങ്ങളും

കക്കോടി ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം മുൻവർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നിലവിൽ തൃപ്തികരമായി നടന്നു വരുന്നുണ്ട് എന്നാണ് പരിശോധനയിൽ മനസ്സിലാവുന്നത്. പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും, ഗ്രാമപഞ്ചായത്തിലെ

മാലിന്യസംസ്കരണ സംവിധാനം സുസ്ഥിരമാക്കുന്നതിനുമായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1. നിലവിൽ ഗ്രാമപഞ്ചായത്തിലെ 21 വാർഡുകളിലേക്കായി ആകെ 32 ഹരിത കർമ്മസേനാംഗങ്ങൾ ആണ് ഉള്ളത്. കാര്യക്ഷമമായ മാലിന്യ ശേഖരണ/വേർതിരിവ് പ്രവർത്തനങ്ങൾക്കായി ഈ അംഗസംഖ്യ പര്യാപ്തമല്ലാത്തതിനാൽ ഓരോ വാർഡിനും 2 വീതം അംഗങ്ങൾ എന്ന നിലയിലേക്ക് അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

2. ഹരിതകർമ്മസേന ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ വെച്ച് തന്നെ വേർതിരിച്ച് ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. റിജക്റ്റഡ് മാലിന്യത്തിന് അവയുടെ തൂക്കത്തിനനുസരിച്ചുള്ള വില ഈടാക്കുന്ന നടപടി സ്വീകരിക്കാവുന്നതാണ്.

3.നീക്കം ചെയ്യുന്ന മാലിന്യത്തിന്റെ തൂക്കമെടുക്കുന്നതിന് കൃത്യമായ മേൽനോട്ടം ഉറപ്പുവരുത്തേണ്ടതാണ്.

4.സുസ്ഥിരമായ മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ കൂടുതൽ ബോധവൽക്കരിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

5. നൂതനമായ മാലിന്യ സംസ്കരണ രീതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് ഹരിതകർമ്മസേനയ്ക്ക് പരിശീലനം നൽകേണ്ടതും, അവരെ സാമ്പത്തികമായി സ്വയംപര്യാപ്തമാക്കുന്നതിനായി സംരംഭങ്ങൾ തുടങ്ങുന്നതുമുൾപ്പെടെയുള്ള കാര്യങ്ങൾക്ക് സഹായം ചെയ്തു നൽകേണ്ടതുമാണ്.

6. അജൈവമാലിന്യ സംസ്കരണത്തോടൊപ്പം ജൈവമാലിന്യ സംസ്കരണമേഖയിലേക്കും ഹരിതകർമ്മസേനയുടെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ നടപ്പാക്കുക വഴി മാലിന്യ സംസ്കരണ മേഖലയിലെ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിന് സ്വയംപര്യാപ്തമായ സംഘടനാ സംവിധാനം എന്ന നിലയിലേക്ക് ഹരിതകർമ്മസേനയെ ഉയർത്തിക്കൊണ്ടു വരേണ്ടതാണ്.

## 1-27 കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് ഫർണിച്ചർ വാങ്ങൽ - പ്രൈസ് ലിസ്റ്റിലില്ലാത്തവ KADCO യിൽ നിന്നും നേരിട്ട് വാങ്ങി

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 317/24 (കുടുംബാരോഗ്യ കേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ) |
| പദ്ധതി അടങ്കൽ | 5,05,000/- രൂപ (ഹെൽത്ത് ഗ്രാന്റ്) |
| ചെലവ് | 5,05,000/- രൂപ |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ |

ബിൽ നമ്പർ 624/24.3.2024 പ്രകാരം ചെലവഴിച്ച 1,12,471/- രൂപയിൽ 99,403/- രൂപക്ക് KADCO യിൽ നിന്നും താഴെ പറയുന്ന ഫർണിച്ചറുകൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നമ്പർ | വാങ്ങിയ ഫർണിച്ചർ / സ്പെസിഫിക്കേഷൻ | നിരക്ക് |
|---|---|---|
| 1 | Steel Industrial Locker 8 Locker (72"X36"X18") 20g CR Sheet | 15247/Each (1 No.) |

| | | |
|---|---|---|
| 2 | Hard Wood Double Drawer Table (120cmx75cmx75cm) | 7749/Each (2 Nos.) |
| 3 | Steel Cabinet With 4 Fixed Shelves (78"X36"X19") 20g | 9391/Each (2 Nos.) |
| 4 | Medium Back Revolving Chair Cushioned Seat And Back (MB 2042) | 5050/Each (2 Nos.) |
| 5 | Wooden Wall Stand Usinf Prelaminated MDF Sheet With Standard Fixtures And Fittings (95cm Lx30cm W) | 846/Each (1 No.) |
| 6 | Wooden Wall Stand Usinf Prelaminated MDF Sheet With Standard Fixtures And Fittings (90cm Lx30cm W) | 840/Each (1 No.) |
| 7 | Wooden Wall Stand Usinf Prelaminated MDF Sheet With Standard Fixtures And Fittings (50cm Lx30cm W) | 564/Each (1 No.) |
| 8 | Wooden Wall Stand Usinf Prelaminated MDF Sheet With Standard Fixtures And Fittings (45cm Lx30cm W) | 457/Each (1 No.) |
| 9 | Wooden Shelf With Door Using Prelaminated MDF Sheet With Standard Fixtures And Fittings (55cm Lx70cm Hx40cm D) | 4966/Each (1 No.) |
| 10 | Wooden Shelf With Door Using Prelaminated MDF Sheet With Standard Fixtures And Fittings (75cm Lx60cm Hx40cm D) | 8470/Each (2 No.) |

സർക്കാരിന്റെ ജി.ഒ.(ആർ.ടി.)57/2023/SPD തിയ്യതി 2.6.2023 നമ്പർ പ്രകാരമുള്ള പ്രൈസ് ലിസ്റ്റിൽ FHC യിൽ ലഭ്യമായ സ്പെസിഫിക്കേഷനിലുള്ള ഫർണിച്ചറുകൾ ഉൾപ്പെടുന്നില്ല. പ്രൈസ് ലിസ്റ്റിലില്ലാത്ത ഫർണിച്ചറുകൾ KADCO യിൽ നിന്നും നേരിട്ട് വാങ്ങിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 15.11.2024 ലെ 30ം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 20.11.2024 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ക്രമ നമ്പർ 1,3,5 മുതൽ 10 വരെയുള്ള ഫർണിച്ചറുകൾ അളവെടുത്ത് ആവശ്യാർത്ഥം ഉണ്ടാക്കിയിട്ടുള്ളതാണ് എന്നും G.O.(P) No. 104/2022/Fin. തിയ്യതി 2.9.2022 പ്രകാരം ഇന്റീരിയർ ഫർണിഷിംഗ് പ്രവൃത്തികൾക്ക് KADCO ക്ക് അനുമതിയുണ്ട് എന്നുമുള്ള മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥ ലഭ്യമാക്കിയത്. എന്നാൽ മേൽ ഉത്തരവ് പ്രകാരം പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിനുള്ള കാഡ്കോയുടെ കാലാവധി 2 വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് നൽകിയതാണ്. അല്ലാതെ സർക്കാർ നിശ്ചയിച്ച പ്രൈസിലും സ്പെസിഫിക്കേഷനിലും ഇല്ലാത്ത ഫർണിച്ചറുകൾ അതാതു സമയം നിർമ്മിച്ച് കൊടുക്കാനുള്ള അനുമതിയല്ല പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുള്ളത്. ആവശ്യാനുസരണമുള്ള സ്പെസിഫിക്കേഷനിൽ ഫർണിച്ചർ KADCO യിൽ ലഭ്യമല്ലെങ്കിൽ GeM ൽ നിന്നോ മറ്റു വാങ്ങൽ നടപടികളിലൂടെയോ സമാഹരിക്കേണ്ടതായിരുന്നു. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-28 മാർഗ്ഗരേഖയിലില്ലാത്ത പദ്ധതിക്ക് തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 64/24 (വിദ്യാഭ്യാസ – കലാ- കായിക മേഖലയിലെ പ്രതിഭകൾക്ക് ആദരം) |

| | |
|---|---|
| പദ്ധതി അടങ്കൽ | 50,000/- (തനതു ഫണ്ട്) |
| ചെലവ് | 33,930/- രൂപ |
| ബിൽ നമ്പർ/ തിയ്യതി | 1. 442/1.2.2024 (30,930/-രൂപ)<br>2. 552/20.3.2024 (3,000/- രൂപ) |
| നിർവ്വഹണം | ഹെഡ് മിസ്ട്രസ് |

കലാ കായിക വിദ്യാഭ്യാസ മേഖലകളിൽ മികച്ച പ്രവർത്തനം കാഴ്ച വെക്കുന്ന പ്രതിഭകളെ ആദരിക്കുക വഴി അവരെ പ്രോത്സാഹിപ്പിക്കുന്നതിന് പഞ്ചായത്തിന്റെ തനതു ഫണ്ടിൽ 50,000/- രൂപ വകയിരുത്തി എസ്.എസ്.എൽ.സി., പ്ലസ് 2 , ഫുൾ A+ വാങ്ങിയവർക്കും എൽ.എസ്.എസ്., യു.എസ്.എസ്. നേടിയവർ, സംസ്ഥാന തല കലാ കായിക മേളകളിൽ മികച്ച പ്രകടനം കാഴ്ച വെച്ചവർ എന്നിവരെ ആദരിക്കുന്നതിനും അതിനാവശ്യമായ ഒരുക്കങ്ങൾക്കുള്ള ചെലവിനുമാണ് മേൽ പദ്ധതി തയ്യാറാക്കിയത്. സ.ഉ.(കൈ) നം. 84/2022/ തസ്വഭവ തിയ്യതി 19.4.2022 നമ്പർ സബ്സിഡി മാർഗ്ഗരേഖ, സ.ഉ.(കൈ) നം. 115/2022/ തസ്വഭവ തിയ്യതി 28.5.2022 നമ്പർ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ രേഖ എന്നിവയിലൊന്നും ഇത്തരത്തിലുള്ള പദ്ധതി തയ്യാറാക്കുന്നതിന് നിർദ്ദേശങ്ങളില്ല എന്ന് സൂചിപ്പിച്ച് 16.11.2024 ന് നൽകിയ 5ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 18.11.2024 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖയിലെ 8.6 (5) നെ അടിസ്ഥാനപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കിയതെന്നും പദ്ധതിക്ക് ഡി.പി.സി. യുടെ അംഗീകാരം ലഭിച്ചിട്ടുള്ളതാണെന്നും തുടർച്ചയായ മൂന്ന് വർഷങ്ങളായി പദ്ധതി നടപ്പിലാക്കി വരികയാണെന്നുമുള്ള മറുപടി പരിഗണിക്കുന്നു. വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 8.6 (5) ൽ പഠന നിലവാരം ഉയർത്തുക, വിദ്യാർത്ഥി/ വിദ്യാർത്ഥിനികളുടെ സർഗ്ഗാത്മക ശേഷികൾ വികസിപ്പിക്കുക, പരിശീലനം സംഘടിപ്പിക്കുക തുടങ്ങിയ ഗവേഷണാത്മക പ്രോജക്ടുകൾ എസ്.എസ്.കെ., വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ പരിപാടികളുടെ ആവർത്തനമല്ല എന്ന് ഉറപ്പ് വരുത്തിയ ശേഷം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ് എന്നാണ് പരാമർശിച്ചിട്ടുള്ളത്. പ്രതിഭകളെ ആദരിക്കൽ പോലെയുള്ള ലക്ഷ്യങ്ങൾക്ക് പദ്ധതി രൂപീകരിക്കാതെ അസാധാരണ ചെലവുകളിൽ ഉൾപ്പെടുത്തി തനതു ഫണ്ടിൽ നിന്നോ അല്ലെങ്കിൽ സ്പോൺസർഷിപ്പ് മുഖേനയോ ചെലവുകൾ നടത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

## 1-29 സോളാർ പാനൽ സ്ഥാപിക്കൽ – അധികം നൽകിയ തുക ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/ പേര് | 184/24 (പടിഞ്ഞാറ്റുമുറി ഗവ. യു.പി. സ്കൂളിൽ സോളാർ പാനൽ) |
| പദ്ധതി അടങ്കൽ | 4,50,000/- രൂപ (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ചെലവ് | 4,02,000/- രൂപ |
| ബിൽ നമ്പർ/ തിയ്യതി | 275/29.11.2023 |
| നിർവ്വഹണം | ഹെഡ്മിസ്ട്രസ് |

പടിഞ്ഞാറ്റുമുറി ഗവ. യു.പി. സ്കൂളിൽ 5k WP ശൃംഖല ബന്ധിത സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് അനർട്ടിന്റെ എഞ്ചിനീയർ തയ്യാറാക്കിയ 4,02,000/- രൂപയുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥ തുക അനർട്ടിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതിയുടെ പ്രവർത്തന ഘട്ടം സംബന്ധിച്ച

വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 16.11.2024 ന് നൽകിയ 6ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 18.11.2024 ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടിയും അനർട്ടിൽ നിന്നുള്ള വിനിയോഗവിവരവും ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. അതു പ്രകാരം 4,02,000/- രൂപയിൽ 3,09,522/- രൂപ ചെലവും 92,478/- രൂപ അനർട്ടിന്റെ കൈവശം നീക്കിയിരിപ്പുമുണ്ട്. പദ്ധതിയുടെ ഫൈനൽ ബിൽ, അനർട്ടിൽ നിന്നുള്ള പ്രവർത്തനക്ഷമത റിപ്പോർട്ട് ബാക്കിയുള്ള തുക തിരികെ ഈടാക്കിയതിന്റെ വിശദാംശം എന്നിവ ലഭ്യമാക്കുന്നതു വരെ ചെലവു തുക 4,02,000/-രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-30 വാഹന വാടക – കിലോമീറ്റർ പരിഗണിക്കാതെ ഓരോ ട്രിപ്പിനും നൽകി

| | |
|---|---|
| പ്രോജക്റ്റ് നമ്പർ /പേര് | 77/24 (സുസ്ഥിര വികസന ലക്ഷ്യം) |
| പദ്ധതി അടങ്കൽ | 80,000/- (തനതു ഫണ്ട്) |
| ചെലവ് | 64,886/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (FHC) |

പഞ്ചായത്ത് പരിധിയിലെ വിവിധ കേന്ദ്രങ്ങളിൽ രോഗപ്രതിരോധ കുത്തിവെപ്പ് ആവശ്യാർത്ഥം ജീവനക്കാരെയും മരുന്നും മറ്റ് ഉപകരണങ്ങളും എത്തിക്കുന്നതിന് വാഹനം വാടകയ്ക്ക് എടുത്താണ് മേൽ പദ്ധതി നിർവ്വഹിക്കുന്നത്. എന്നാൽ താഴെ പറയുന്ന ദിവസങ്ങളിൽ വാഹനം ഉപയോഗിച്ചതിന് ഓടിയ ദൂരം പരിഗണിക്കാതെ ഓരോ ട്രിപ്പിനും വാടക അനുവദിച്ചതായി കാണുന്നു.

| വാഹനം ഉപയോഗിച്ച തിയ്യതി | വാഹന നമ്പർ | ഓടിയ സമയം | അനുവദിച്ച വാടക | ഓടിയ സ്ഥലം |
|---|---|---|---|---|
| 11.8.2023 | KL 22 C 7317 | രാവിലെ 10 മണി | 800/- രൂപ | കക്കോടി മുക്ക് സബ് സെന്റർ |
| | | രാവിലെ 11 മണി | 800/- രൂപ | തലക്കുളത്തൂർ |
| 18.8.2023 | KL 22 C 7317 | രാവിലെ 9.30 മണി | 1000/- രൂപ | മക്കട സബ് സെന്റർ |
| | | രാവിലെ 10.30 മണി | 1200/- രൂപ | തലക്കുളത്തൂർ, മക്കട സബ് സെന്റർ |
| 8.2.2024 | KL 10 H 6808 | രാവിലെ 10 മുതൽ 1.30 വരെ | 1500/- രൂപ | മക്കട സബ് സെന്റർ |
| | | 1.30 മുതൽ 3 മണി വരെ | 500/- രൂപ | GHS കക്കോടി ക്യാമ്പ് |
| | | 3 മണി മുതൽ 4 മണി വരെ | 700/- രൂപ | PHC അമ്പലപ്പാട് |

ട്രിപ്പ് ഷീറ്റിൽ എത്ര കിലോമീറ്റർ വാഹനം ഓടി എന്നത് വ്യക്തമാക്കിയിട്ടില്ല. ഓടിയ കിലോമീറ്റർ പരിഗണിക്കാതെ ഓരോ ട്രിപ്പിനും വാടക നൽകിയതിന്റെ സാഹചര്യം വിശദീകരിക്കേണ്ടതും വാഹനം വാടകയ്ക്ക് എടുക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ സംബന്ധിച്ച ഫയൽ ഹാജരാക്കേണ്ടതുമാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് 15.11.2024 ന് നൽകിയ 2ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയെങ്കിലും വാഹനം വാടകയ്ക്ക് എടുക്കുന്നതിന് ക്വട്ടേഷൻ സ്വീകരിച്ചതിന്റെ ഫയൽ ഹാജരാക്കിയിട്ടില്ല. 11.8.2023 ന് കക്കോടി മുക്ക് സബ്സെന്ററിൽ പ്രതിരോധകുത്തിവെയ്പ്പും അന്നേ ദിവസം തന്നെ തലക്കുളത്തൂർ സി.എച്ച്.സി. യിൽ നിന്നും അടിയന്തിര വാക്സിൻ എടുക്കേണ്ട ആവശ്യവും ഉള്ളതിനാൽ രണ്ട്

വണ്ടികൾ ആവശ്യമായി വന്നുവെന്നും ക്വട്ടേഷൻ എടുത്ത ഡ്രൈവർ ലത്തീഫിനോട് ഒരു വണ്ടി കൂടി ഏർപ്പെടുത്തി തരാൻ ആവശ്യപ്പെടുകയുണ്ടായി എന്നും, ശ്രീ. ലത്തീഫ് എന്നവരുടെ KL 10 H 6808 വണ്ടിക്കു പുറമേ KL 22 C 7317 എന്ന വണ്ടിയും ഓടിയ വകയിലുള്ള തുക ലത്തീഫ് എന്നയാളുടെ പേരിലാണ് നൽകിയത് എന്നുമാണ് മറുപടിയിൽ പരാമർശിച്ചിരിക്കുന്നത്. എന്നാൽ മേൽ പറഞ്ഞ തുക നൽകിയത് KL 22 C 7317 നമ്പർ വാഹനത്തിന്റെ ഡ്രൈവറായ ശ്രീ. നിധീഷ് എന്നവരുടെ പേരിലുള്ള അക്കൗണ്ടിലേക്കു തന്നെയാണ് എന്ന് 21.8.2023 ലെ 153ാം നമ്പർ ബിൽ പരിശോധിച്ചാൽ ബോധ്യമാകുന്നതാണ്. 18.8.2023 ന് മക്കട സെന്ററിൽ കുത്തിവെപ്പും പ്രളയ ബാധിത പ്രദേശങ്ങളിൽ ബ്ലീച്ചിംഗ് പൗഡറും ആവശ്യമായി വന്നതിനാൽ തലക്കുളത്തൂർ സി.എച്ച്.സി. യിൽ നിന്ന് ബ്ലീച്ചിംഗ് പൗഡർ കൊണ്ടു വരാനും 2 വണ്ടികൾ ആവശ്യമായി വന്നിരുന്നു എന്നുള്ള മറുപടിയും ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത മറുപടിയും അംഗീകരിക്കാനാവില്ല. കാരണം രാവിലെ 9.30 ന് മക്കട സെന്ററിൽ കുത്തിവെപ്പിനുള്ള ജീവനക്കാരെയും ഉപകരണങ്ങളും എത്തിച്ച ശേഷം 10.30 നാണ് തലക്കുളത്തൂർ സി.എച്ച്.സി. യിലേക്ക് പോകുന്നത്. ആയതിന് മറ്റൊരു വണ്ടിയുടെ ആവശ്യം എന്തിനെന്ന് വ്യക്തമല്ല. 8.2.2024 ന് 3 വണ്ടികൾ ആവശ്യമായി വന്നു എന്നാണ് അറിയിച്ചത്. മേൽ പട്ടികയിലെ വിശദാംശങ്ങൾ പരിശോധിച്ചാൽ ഒരേ സമയത്തല്ല 3 യാത്രകളും നടത്തിയത് എന്ന് വ്യക്തമാണ്. കിലോമീറ്റർ കണക്കാക്കാതെ ഓരോ ട്രിപ്പിനും വാഹന വാടക നൽകിയ നടപടി ശരിയല്ല. ആയതിനാൽ മേൽ വാഹന വാടകയിനത്തിൽ ചെലവഴിച്ച 21.8.2023 ലെ 153ാം നമ്പർ ബിൽ പ്രകാരമുള്ള 6900/- രൂപയുടെയും 18.3.2024 ലെ 543ാം നമ്പർ പ്രകാരമുള്ള 6000/- രൂപയുടെയും ചെലവുകൾ തടസ്സത്തിൽ വെക്കുന്നു. ക്വട്ടേഷൻ പ്രകാരം ഒരു ദിവസം ഓടിയ കിലോമീറ്റർ പരിഗണിച്ച് നൽകാവുന്ന തുക എത്രയെന്നത് കണക്കാക്കി വിവരം അറിയിക്കേണ്ടതും അധികം നൽകിയ തുക തിരികെ ബന്ധപ്പെട്ട അക്കൗണ്ടിൽ തിരിച്ചടക്കേണ്ടതുമാണ്.

## 1-31 ഇന്ധനടാങ്കിന്റെ ശേഷിയേക്കാൾ കൂടുതൽ ഇന്ധനം വാഹനത്തിൽ നിറച്ചതും മറ്റു അപാകതകളും

| | |
|---|---|
| വൗച്ചർ നമ്പർ/ തിയ്യതി | 22301254/ 7.3.2024 |
| തുക | 14966/- |

പഞ്ചായത്ത് വാഹനത്തിൽ 27.11.2023 തീയതിയിൽ 50.59 ലിറ്റർ ഡീസൽ നിറച്ചതിന് ലിറ്ററിന് 96.86 നിരക്കിൽ 4900.14 രൂപ കക്കോടി ഫ്യൂവൽസ് എന്ന സ്ഥാപനത്തിന് മേൽ വൗച്ചർ പ്രകാരം തനതു ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. മേൽ വൗച്ചർ പ്രകാരം മറ്റു ദിവസങ്ങളിലെ ഡീസൽ ചാർജ്ജ് അനുവദിച്ച തുകയിൽ ഈ തുകയും ഉൾപ്പെടുന്നു. പ്രസ്തുത സ്ഥാപനത്തിന്റെ 22.1.2024 ലെ റിക്വിസിഷൻ പ്രകാരമാണ് മേൽ തുക നൽകിയത്. വാഹനത്തിന്റെ ലോഗ് ബുക്ക്, ചെലവിനാധാരമായ സബ് വൗച്ചറുകൾ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

(1) പഞ്ചായത്തിൽ ഉപയോഗിക്കുന്ന ബൊലേറോ നിയോ എന്ന വാഹനത്തിന്റെ ഇന്ധന ടാങ്കിന്റെ ശേഷി 50 ലിറ്റർ ആണെന്നിരിക്കെ 50.59 ലിറ്റർ ഡീസൽ മേൽ സ്ഥാപനത്തിൽ നിന്നും വാങ്ങിയത് എന്തിനെന്ന് വ്യക്തമല്ല.

(2) 27.11.2023 ന് വാഹനത്തിൽ ഇന്ധനം നിറച്ചതിന്റെ വിശദാംശങ്ങൾ ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ അന്നേ ദിവസം വാഹനത്തിൽ ഇന്ധനം നിറച്ചിട്ടുണ്ടോ

എന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

(3) 24.11.2023 ന് വാഹനത്തിൽ 35.98 ലിറ്റർ ഡീസൽ നിറച്ചിട്ടുണ്ട്. 24.11.2023 മുതൽ 26.11.2023 വരെ വാഹനം ഓടിയിരിക്കുന്നത് 46 കിലോമീറ്ററാണ്. 12 കിലോമീറ്റർ ശരാശരി മൈലേജ് കിട്ടുന്ന വാഹനത്തിന് 46 കിലോമീറ്റർ ഓടാൻ ആവശ്യമായ ഇന്ധനം ഏകദേശം 4 ലിറ്റർ മതി. ഇന്ധനം നിറക്കുന്ന സമയത്ത് ടാങ്കിൽ നീക്കിയിരിപ്പുള്ള ഇന്ധനത്തിന്റെ അളവ് ലോഗ് ബുക്കിൽ രേഖപ്പെടുത്താത്തതിനാൽ ടാങ്കിലുള്ള ആകെ ഇന്ധനത്തിന്റെ അളവ് എത്രയെന്നത് കണക്കാക്കാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും 24.11.2023 ലെ മുൻബാക്കി കണക്കാതെ തന്നെ അന്ന് വാങ്ങിയ 35.98 ലിറ്റർ ഡീസലിൽ നിന്നും 46 കിലോമീറ്റർ ദൂരം ഓടാൻ ഉപയോഗിച്ച 4 ലിറ്റർ ഡീസൽ കിഴിച്ച് 32 ലിറ്റർ ടാങ്കിൽ അവശേഷിക്കുമ്പോഴാണ് 50.59 ലിറ്റർ ഡീസലിനു വേണ്ടി 4900.14 രൂപ തനതു ഫണ്ടിൽ നിന്നും ചെലവാക്കിയിരിക്കുന്നത് എന്ന് കാണുന്നു. നവംബർ മാസത്തെ യാത്രകൾ എല്ലാം തന്നെ പ്രാദേശികമായി നടത്തിയതാണെന്നാണ് ലോഗ് ബുക്കിലെ രേഖപ്പെടുത്തലുകൾ സൂചിപ്പിക്കുന്നത്.

(4) ലോഗ്ബുക്കിൽ ഇന്ധനത്തിന്റെ ഉപയോഗം സംബന്ധിച്ച് പ്രതിമാസ സംക്ഷിപ്തം എഴുതി സൂക്ഷിക്കേണ്ടതാണ്. 2024 ജൂൺ മാസം മുതൽ പ്രസ്തുത സംക്ഷിപ്തം എഴുതിയിട്ടില്ല. 2023 നവംബർ മാസത്തെ സംക്ഷിപ്തം പരിശോധിച്ചതിൽ താഴെ പറയുന്ന രീതിയിലാണ് ഇന്ധനത്തിന്റെ ഉപയോഗം രേഖപ്പെടുത്തിയിരിക്കുന്നത്.

| 30.11.2024 ലെ സ്ഥിതി | ലോഗ് ബുക്ക് പ്രകാരം | ഓഡിറ്റിൽ ബോധ്യപ്പെട്ടത് |
|---|---|---|
| ടാങ്കിൽ മുൻബാക്കിയുള്ള ഇന്ധനം | 20 ലിറ്റർ | 31 ലിറ്റർ |
| നവംബർ മാസം നിറച്ചത് | 103.92 ലിറ്റർ | 154.51 ലിറ്റർ (27.11.2023 ന് വാങ്ങിയ 50.59 ലിറ്റർ കൂടി ഉൾപ്പെടുത്തിയത്) |
| ആകെ | 123.92 ലിറ്റർ | 185.51 ലിറ്റർ |
| ഉപയോഗം | 81.42 ലിറ്റർ | 81.42 ലിറ്റർ |
| നീക്കിയിരിപ്പ് | 36.5 ലിറ്റർ | 104.09 ലിറ്റർ |

ഓരോ മാസത്തേയും സംക്ഷിപ്തം പരിശോധിച്ചാൽ മേൽ പറഞ്ഞ രീതിയിൽ വ്യത്യാസം കാണാവുന്നതാണ്.

ലോഗ് ബുക്ക് കൃത്യമായി പരിശോധിക്കേണ്ടത് കസ്റ്റോഡിയൻ ഓഫീസറായ തദ്ദേശഭരണ സ്ഥാപന സെക്രട്ടറിയുടെ ചുമതലയാണ്. ലോഗ് ബുക്ക് പ്രകാരമുള്ള വാഹന ഉപയോഗവും ഇന്ധന ഉപയോഗവും ക്രമപ്രകാരമാണോ എന്ന് ബോധ്യപ്പെടേണ്ടതും പരിശോധന വിവരം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇത്തരം നടപടികളൊന്നും ഗ്രാമ പഞ്ചായത്ത് സ്വീകരിക്കുന്നതായി കാണുന്നില്ല. അതേ പോലെ ഇന്ധന ഉപയോഗത്തിന്റെ കൃത്യത ഉറപ്പാക്കാൻ കസ്റ്റോഡിയൻ ഓഫീസറുടെയോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ സാന്നിധ്യത്തിൽ ഫുൾ ടാങ്ക് ഇന്ധനം നിറക്കേണ്ടതാണെന്നും ഇന്ധനം നിറച്ച തിയ്യതി, ടാങ്കിലെ ഇന്ധനത്തിന്റെ അളവ്, ഹാജരായിരുന്ന ആളുടെ പേര്, ഉദ്യോഗപ്പേര്, ഒപ്പ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണെന്നും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാഹന ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ.(എം.എസ്.) നം. 170/07/തസ്വഭവ തിയ്യതി 30.6.2007 പ്രകാരം സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ലോഗ് ബുക്ക് പരിശോധിച്ചതിൽ വാഹനത്തിൽ ഇന്ധനം നിറക്കുന്നത് ഏത് ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിലാണെന്നത് രേഖപ്പെടുത്തുന്നില്ല.

വാഹനഉപയോഗത്തിലും പരിപാലനത്തിലുമുള്ള മേൽ പറഞ്ഞ അപാകതകൾക്കും നടപടിക്രമം പാലിക്കാതെ ഇന്ധനം വാങ്ങി തുക ചെലവഴിച്ചതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് 20.11.2024 ന് നൽകിയ 10ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 4900.14 രൂപ ചെലവാക്കി 27.11.2023 ന് വാഹനത്തിൽ ഇന്ധനം നിറച്ചതിന്റെ അനിവാര്യതയും കൃത്യതയും ബോധ്യപ്പെടുന്നതിനുള്ള രേഖകൾ ഹാജരാക്കേണ്ടതും, ഇന്ധന ടാങ്കിന്റെ ശേഷിയേക്കാൾ കൂടുതൽ ഇന്ധനം വാങ്ങിയതിന് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. 4900/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2023-24 | 14-11-2024 മുതൽ 20-11-2024 വരെ | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു. |

### 4-2 സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 1,00,000 | അഗതി രഹിത കേരളം | 1,00,000 |
| | 2023-24 | 15,75,733 | ശ്മശാന നിർമ്മാണ പൂർത്തീകരണം | 15,75,733 |
| | 2023-24 | 49,061 | അതി ദരിദ്രർക്ക് ഭക്ഷണക്കിറ്റ് വിതരണം | 49,061 |
| | 2023-24 | 1,00,000 | അതി ദരിദ്രരിൽ ഉൾപ്പെട്ട എസ്.സി. ഗുണഭോക്താക്കൾക്ക് വീട് റിപ്പയറിന് അധിക വിഹിതം നൽകൽ | 1,00,000 |

| | | | | |
|---|---|---|---|---|
| | 2023-24 | 20,000 | അതി ദരിദ്രർക്ക് വിദ്യാഭ്യാസം | 15,832 |
| | 2023-24 | 11,37,000 | ലൈഫ് ഭവനപദ്ധതി (എസ്.സി) | 11,37,000 |
| | 2023-24 | 1,00,000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1,00,000 |
| | 2023-24 | 50,000 | ക്ഷീരസംഘങ്ങൾ മുഖേന കറവ പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 50,000 |
| | 2023-24 | 7,50,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 7,50,000 |
| ആകെ | | | | 38,77,626 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 96,000 | കർഷകർക്ക് പോത്തുകുട്ടി വിതരണം | 96,000 |
| | 2023-24 | 99,600 | മുട്ട ഗ്രാമം വനിത | 99,600 |
| | 2023-24 | 6,00,000 | ലൈഫ് ഭവനപദ്ധതി (എസ്.സി) | 6,00,000 |
| | 2023-24 | 58,314 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 58,314 |
| | 2023-24 | 1,00,000 | ക്ഷീരസംഘങ്ങൾ മുഖേന കറവ പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി | 1,00,000 |
| | 2023-24 | 2,50,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 2,50,000 |
| ആകെ | | | | 12,03,914 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | കൊല്ലേരി താഴം ഡ്രൈനേജ് | 22300090 26/04/23 | 12268 | 0 | 12268 |
| കെ.എസ്.ഇ.ബി | റീ ഇൻസ്റ്റാലേഷൻ സോളാർ പാനൽ | 22300477 24/08/23 | 30633 | 0 | 30633 |
| കെ.എസ്.ഇ.ബി | ശാന്തി സ്ഥൽ ക്രിമിറ്റോറിയം ഇലക്ട്രിക് കണക്ഷൻ | 22300594 26/09/23 | 90616 | 0 | 90616 |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | മിനി സ്റ്റേഡിയം കമലകുന്ന സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | 22301346 28/03/24 | 18609 | 0 | 18609 |
| കെ.എസ്.ഇ.ബി | ശ്മശാനം കവാടം എ.സി.പി. വർക്ക് | 22301364 28/03/24 | 60007 | 0 | 60007 |
| കെ.എസ്.ഇ.ബി | ക്രിമിറ്റേറിയം എൽ.ടി. കണക്ഷൻ | 22301365 28/03/24 | 5318 | 0 | 5318 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം/ തിയ്യതി | സാമ്പത്തിക വർഷം | തൻവർഷം എടുത്ത വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | | 2023-24 | 0 | -4,68,933 | 12,36,958 | 0 | 13,04,109 |

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 3,000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 3,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3,000 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രി, ഓഹരി | 4.8.1988 | | 2,500 | |
| 2 | കോഴിക്കോട് ജില്ലാ ഫാർമേഴ്സ് സീഡ്സ് വിപണന കേന്ദ്രം , ഓഹരി | 20.2.1986 | | 500 | |
| | ആകെ | | | 3,000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2007-08 | 3-21 | 18000 | വിനോദ് കുമാർ.എം. | 1230101783 26/06/23 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | | 2004-05 | 11.1.3.51 | നികുതിപിരിവിൽ അലംഭാവം | പരാമർശം തുടരുന്നു |
| | | 2013-14 | 6.3.1 | സോഷ്യൽ ഓഡിറ്റ് കമ്മിറ്റി | പരാമർശം തുടരുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | " |
| 2016-17 | 2-7 | 2017-18 | 1.11.7 | വസ്തുനികുതിയിൽ നഷ്ടം | " |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

### (എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

### (ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,71,55,429 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,12,82,197 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,12,008 |

### (ബി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 8,42,208 | ശ്രീ. യു.കെ.രാജൻ., സെക്രട്ടറി |
| 1-21 | 1,00,000 | ശ്രീമതി. അംബിക രാജൻ, വെറ്റിനറി സർജൻ |
| 1-21 | 50,000 | ബവിത.കെ, വി.ഇ.ഒ. |
| 1-29 | 4,02,000 | ശ്രീമതി.സനില പി.,ഹെഡ്മിസ്ട്രസ് |
| | | |

| | | |
|---|---|---|
| 1-30 | 12,900 | ശ്രീമതി ദിവ്യ.പി.കെ. മെഡിക്കൽ ഓഫീസർ (FHC) |
| 1-31 | 4,900 | ശ്രീ. യു.കെ.രാജൻ., സെക്രട്ടറി |
| ആകെ : 14,12,008/- | | |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

(ഡി)**നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

ഇ) **റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. യു.കെ.രാജൻ സെക്രട്ടറി | സീനിയർ സൂപ്രണ്ട്, തദ്ദേശസ്വയംഭരണ വകുപ്പ്, കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം | എഴുത്തച്ചൻ കണ്ടി പറമ്പ, മേരിക്കുന്ന പി ഒ - 673009 |
| ശ്രീമതി.സനില പി., ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ജി.എൽ പി സ്കൂൾ കക്കോടി ഗ്രാമപഞ്ചായത്ത് | പാലയാട്ട്, കാക്കൂർ പി.ഒ 673013 |
| ശ്രീമതി.ബവിത വി.ഇ.ഒ. | വി.ഇ.ഒ., കക്കോടി ഗ്രാമ പഞ്ചായത്ത് | കോറോത്ത് ഹൌസ് , മുഇവാട്ട താഴം കാക്കൂർ ചേളന്നൂർ – 673613 |
| ശ്രീമതി ദിവ്യ.പി.കെ., മെഡിക്കൽ ഓഫീസർ (FHC) | മെഡിക്കൽ ഓഫീസർ (FHC) കൂടരഞ്ഞി ഗ്രാമ പഞ്ചായത്ത് | ഗൗരി നന്ദനം ചേവരമ്പലം ചേവായൂർ കോഴിക്കോട് – 673017 |
| ഡോ.അംബിക രാജൻ, വെറ്ററിനറി സർജൻ | സീ. വെറ്ററിനറി സർജൻ, ഡി.വി.സി. കോഴിക്കോട് | സിൽവർ ലൈൻസ് മക്കട , കക്കോടി – 673611 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | | |
|---|---|---|---|
| 2006-07 | കെ.എസ്.എ.കെ. കെ.ഡി. പി.5/894/ 2022(7) തി.19.4.23 | 4 | 3-6, 3-16, 3-21(1), (2), 3-22 |
| 2007-08 | കെ.എസ്.എ.കെ. കെ.ഡി. പി.5/894/ 2022(8) തി.19.4.23 | 12 | 3-2(B), 3-3, 3-4, 3-5, 3-6, 3-8, 3-9,3-11,3-16, 3-18, 3-19, 3-21 |
| 2009-10 2010-11 | കെ.എസ്.എ.കെ. കെ.ഡി. പി.5/894/ 2022(10) തി.19.4.23 | 3 | 3-3,3-4, 3-6 |
| 2011-12 2012-13 | കെ.എസ്.എ.കെ. കെ.ഡി. പി.5/894/ 2022(11) തി.20.4.23 | 3 | 3-10,3-22,3-23 |
| 2013-14 2014-15 | കെ.എസ്.എ.കെ. കെ.ഡി. പി.5/894/ 2022(12) തി.20.4.23 | 2 | 2-2, 3-6 |
| 2015-16 | കെ.എസ്.എ.കെ. കെ.ഡി. പി.5/894/ 2022(13) തി.20.4.23 | 11 | 3-3,3-4,3-5,3-6, 3-7, 3-8 , 3-13, 3-14, 3-15,3-17,3-18 |
| 2016-17 | കെ.എസ്.എ.കെ. കെ.ഡി. പി.5/894/ 2022(14) തി.20.4.23 | 11 | 2-7,2-8,3-1,3-6, 3-7, 3-8, 3-9, 3-14, 3-18, 3-23,3-25 |
| 2017-18 | കെ.എസ്.എ.കെ. കെ.ഡി. പി.5/894/ 2022(15) തി.20.4.23 | 2 | 3-5,3-15 |
| 2018-19 | കെ.എസ്.എ.കെ. കെ.ഡി. പി.5/894/ 2022(16) തി.20.4.23 | 5 | 1-13,1-18, 1-19,1-22,1-32 |
| 2019-20 | കെ.എസ്.എ.കെ. കെ.ഡി. പി.5/106/2022 തി.11.4.22 | 9 | 1-10(3)(4),1-11,1-12,1-13, 1-14,1-16,1-17,1-18,1-20 |
| 2020-21 | കെ.എസ്.എ.കെ. കെ.ഡി. പി.5/107/2022 തി.11.4.22 | 13 | 1-2,1-9,1-12(2)(3)(4)(8-(3)),1-16,1-17,1-19, 1-20,1-21,1-23, 1-24,1-25,1-27,3-1 |
| 2021-22 | കെ.എസ്.എ.കെ. കെ.ഡി. പി.5/653/2023 തി.1.6.23 | 10 | 1-1,1-10,1-11,1-13,1-14, |

| | | | |
|---|---|---|---|
| | | | 1-15,3-1,3-2,3-3,4-11 |
| 2022-23 | കെ.എസ്.എ.കെ. കെ.ഡി. പി.10/259/2024 തി.06.05.24 | 24 | 1-1,1-1(1-6),1-8,1-9,1-10, 1-12,1-16,1-17,1-20,1-21, 1-23,1-24,1-25,1-26,1-27, 1-28,1-29,3-1,4-11 |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 84/24 dated 84/24 dated 24-05-2024 and submitted on 24-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Kakkodi Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Kakkodi Grama Panchayat as on 31-03-2024

**Date: 12/12/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Kakkodi Grama Panchayat for the Year 2023-2024.

### 1.Major Observations

Nil

## 2.Other Observations

1. The following mandatory fincancial statements prescribed in accounting rules are not submitted 1) Basic Ratios .
2. In Cash Flow Statement, Net Increase/Decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.
3. No timely demand entries in the ledger of Property Tax and Profession Tax.
4. No monthly Reconciliation of ledgers with corresponding registers.
5. No further action regarding directly debited by bank.
6. All Bank Accounts not included in the Annual Financial Statement..
7. Redemption amount not got reallotted completely.
8. Amount in the E Tender fee account of Assistant Engineer not transferred to Panchayath Fund.
9. Asset Register not prepared on Value Basis.
10. Expenditure regarding Maintenance works not reflected in the Income and Expenditure Statement.
11. Mismatch in deposit balance sheet B-7 Schedule figures

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കക്കോടി ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്